

# Digi-കുടുക്ക

## ജി എച്ച് എസ് തവിടിശ്ശേരി

### ലിറ്റിൽ കൈറ്റ്സ് 2023-24

പത്രാധിപസമിതി

പത്രാധിപര്‍
എം സുനില്‍കുമാര്‍ ( ഹെഡ്മാസ്റ്റര്‍ )

അംഗങ്ങള്‍
പ്രസന്നകുമാര്‍ വി കെ (സീനിയര്‍ അസിസ്റ്റന്റ് )
സരിത പി ( സ്റ്റാഫ് സെക്രട്ടറി )
ബീന സി കെ ( എസ് ആര്‍ ജി കണ്‍വീനര്‍,ലിറ്റില്‍ കൈറ്റ്സ് മിസ്ട്രസ് )
അനീഷ് വി പി (എസ് ആര്‍ ജി കണ്‍വീനര്‍ യു പി)
രജനി വി എം ( എസ് ആര്‍ ജി കണ്‍വീനര്‍ എല്‍ പി )
വിനീത കെ വി (ലിറ്റില്‍ കൈറ്റ്സ് മിസ്ട്രസ്)
രാജലക്ഷ്മി വി കെ ( ലിറ്റില്‍ കൈറ്റ്സ് യൂണിറ്റ് കണ്‍വീനര്‍ IX)
ശ്രീദര്‍ശ് പി വി ( ലിറ്റില്‍ കൈറ്റ്സ് യൂണിറ്റ് കണ്‍വീനര്‍ IX )

വിവരവിനിമയ സാങ്കേതികവിദ്യയുടെ
അനന്തസാധ്യതകളിൽ സ്ഥലം,സമയം,
വേഗം,ദൂരം തുടങ്ങിയവയെല്ലാം പരിധികൾ
ഇല്ലാതായി. ഇ-എഴുത്തിന്റെ ലോകവും നമ്മെ
കീഴടക്കിക്കഴിഞ്ഞു. ഗവ: ഹൈസ്കൂൾ
തവിടിശ്ശേരിയിലെ കുട്ടിയെഴുത്തുകൾ
കൂട്ടിച്ചേർത്ത് ഒരു ഡിജിറ്റൽ പുസ്തകം.
ഇ-വായനയുടെ കൗതുകങ്ങളിലൂടെ
കടന്നുപോകാം. പുതിയ ആകാശത്തിൽ
പറന്നുയരാം....

**നിങ്ങൾക്ക് ഒരു സൂര്യനെപ്പോലെ**

**തിളങ്ങണമെങ്കിൽ**

**ആദ്യം സൂര്യനെപ്പോൽ**

**കത്തിജ്ജ്വലിക്കുക**

**-എ.പി.ജെ.അബ്ദുൾ കലാം**

ഇവിടെയുണ്ടു ഞാൻ
എന്നറിയിക്കുവാൻ
മധുരമാമൊരു
കൂവൽ മാത്രം മതി

-പി.പി.രാമചന്ദ്രൻ

# താളുകളിലൂടെ


നെരിപ്പോട്............................................................................8
വിദ്യാലയ പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ..........................................9
Wings of Dream.......................................................................10
നേരിന്റെ രാവ്..........................................................................11
കൊഴിഞ്ഞ നാളെകൾ...................................................................12
പാവമായ ആട്ടിൻകുട്ടി...................................................................13
ഞാൻ....................................................................................14
വിദൂരമല്ലയെൻ യാത്രകൾ.........................................................15-16
പ്രതിമ...................................................................................16
ആധുനിക കവിത്രയം..................................................................17
ഓർമ്മകളിലെ മൗനം...................................................................18
ഇനിയും ഒരു വസന്തം..................................................................19
തുണയായ ജീവിതം......................................................................20
വര.......................................................................................21
ലില്ലിയുടെ പേടി.........................................................................22
പേടിത്തൊണ്ടൻ ജോജോക്കരടി........................................................23
നിട്ടുത്താറാവും ചിക്കുത്തവളയും......................................................24
കറുമ്പി കാക്കയും കുട്ടൻ ഞണ്ടും.......................................................25
മാന്ത്രികയന്ത്രം............................................................................25
എന്റെ കൊച്ചുവീട്.......................................................................26
ആനന്ദം പരമാനന്ദം.................................................................26-27
സ്നേഹം...................................................................................28
പഠനയാത്ര-യാത്രാവിവരണം.....................................................29-30
നായ......................................................................................30
കുഞ്ഞിപ്പുഴവും പൂമ്പാറ്റക്കുട്ടനും.......................................................31
നിഴലും നിലാവും........................................................................32
പിങ്കി.....................................................................................32
I HAVE..................................................................................33
ജീവിതവും വേവലാതികളും...........................................................33
പറ്റിച്ചേ..................................................................................34

പായസം.....................................................................................34
നല്ല കൂട്ടുകാർ.............................................................................35
അനാഥത്വം.................................................................................35
ജ്ഞാനപീഠം നേടിയ മലയാളികൾ.............................................36
ഗ്രാമവാസികളുടെ ബുദ്ധി............................................................37
നിഴലേ...നീ ഇല്ലായിരുന്നെങ്കിൽ...................................................38
ചിതയിലെരിയുന്ന ജീവൻ.......................................................39-41
പ്രിയപ്പെട്ടവൾ...............................................................................42
ഡയറി..........................................................................................43
ചിണ്ടൻ മുയൽ.............................................................................43
എരിയുന്ന മനം........................................................................44-46
തെയ്യം.....................................................................................47-49
നല്ല പ്രവൃത്തി..............................................................................50
മിന്നുവിന്റെ വികൃതി....................................................................51

# നെരിപ്പോട്

ഏകനായി ഞാനിന്ന് നാലു
ചുമരുകൾക്കിടയിൽ
യൗവ്വനതീക്ഷ്ണയിൽ ഞാൻ
ചെയ്തൊരാ പാപങ്ങൾ
ഉൽക്കപോൽ എന്നിൽ
പതിക്കുന്നു.
ഈ കാരാഗൃഹ വാസത്തിൽ
ശപിക്കുന്നു
ലഹരിയാൽ അന്ധനായ
എൻ ഭൂതകാലങ്ങളെ
കൊതിക്കുന്നു ഞാനാ
തൂക്കുകയറിനെ
മാപ്പിരയ്ക്കുന്നു ക്രൂരദംഷ്ട്രകൾ
ആഴ്ന്നിറങ്ങിയ സാധു-
ജീവിതങ്ങളോട്
ലഹരിയിൽ മുങ്ങുന്ന
യൗവ്വന കാലമേ
തെറ്റുകൾ പറ്റരുതെ
ഇനിയാർക്കും
പറയുവാനെനിക്ക് അർഹത
ഇല്ലെങ്കിലും കേൾക്കുക
നിങ്ങളീ വാക്കുകൾ...
ശുഭം



-ആർഷ.എം.കെ
8B

# വിദ്യാലയ പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ



## WINGS OF DREAM

Dream I have a dream.
That gives me the pressure to aim it.
When I am sleeping the dream comes to my mind .
I am really ready to fly with my dreams.
Every person has a dream,........... a nice dream .
Dream is not a silly matter.
That is the strength of ours.
We should see a dream.
And fly with our dreams
Dream..........I have a dream.
I want to fly with my dreams.
Like a bird in the blue sky.
I want to target my dreams.
Like a lion targetting other animals.
One day my dream will come true.
Then I go to my parents who,
gives me the wings to fly.........

Aavani Jayan V
STD 8 B

# നേരിന്റെ രാവ്



രാവിന്റെ ഇരുൾ നീലിമയിൽ അവൾ
ഞെട്ടിയുണർന്നൊന്നു നിലവിളിച്ചു.
പിടയുന്നു തൻ ഉയിരിന്റെ പ്രാണൻ
കൺമുമ്പിലെന്നവൾ തിരിച്ചറിഞ്ഞു.
വെടിയുതിർത്ത ആ ഘോരശബ്ദം
കാതിൽ കാഹളമായി പ്രതിധ്വനിച്ചു.
നേരിന്റെ നിറവിലാ നഖക്ഷതപാട്
ചുടുരക്തം വാർന്നൊലിച്ചുവന്നു.
വെടിയരിഞ്ഞൊരാ കൈയ്യുകൾ കാലുകൾ
ചാരമാക്കാൻ ശ്രമിച്ചതില്ലാരും.
അവിടന്നു നേരം പുലർന്നില്ല,
ചിന്തയുണർന്നില്ല,
കവിത ജനിച്ചില്ല,
ഭീതി പടർന്നതുമില്ല.

-ദൃശ്യാദാസ്.എ.വി
ക്ലാസ് 10



# കൊഴിഞ്ഞ നാളെകൾ....

**ഇന്നലെകളിലേതോ ഉറക്കത്തിൻ യാമത്തിൽ**
**കൊളുത്തിയാ പൊൻതിരി**
**ഇന്നിന്റെ കണ്ണീർമഴയിൽ കെട്ടുപോയി.**
**പെയ്തൊഴിഞ്ഞ മഴയുടെ അവസാനതുള്ളിയായ്**
**ഹൃദയത്തിൽ ഇന്നുമുണ്ട്**
**നോവിന്റെ നനവുകൾ...**
**സ്വപ്നച്ചിറകിലേറ്റിയാ പിതൃകൈകൾ**
**കാലമാം കഴുകന്മാർ**
**കൊത്തിയെറിഞ്ഞപ്പോൾ**
**കാത്തിരിപ്പുണ്ടായിരുന്നു അമ്മ അച്ഛനെ**
**സ്വർഗകവാടത്തിൻ പടിവാതിൽ**
**ഓരോ പൗർണമിയിലെയും പൂർണചന്ദ്രനായ്**
**അവർ ചിരിക്കുമ്പോഴും**
**ഞാനാകടത്തിണ്ണയിൽ മയങ്ങുകയായിരുന്നു.**
**അപ്പോഴും എന്നിലെ കിനാവുകളിൽ**
**ഞാൻ പ്രകാശിക്കുകയായിരുന്നു.**
**പൊൻപ്രഭയോടെ....**
**നാളത്തെ ഉദയത്തിൻ പ്രകാശം**
**തേടി ഉറങ്ങുകയായിരുന്നു ഞാനെപ്പോഴും.....**

ശ്രീനന്ദ് കെ ടി
ക്ലാസ് 10

# <u>പാവമായ ആട്ടിൻ കുട്ടി</u>

ഒരു വീട്ടിൽ മീനു ആടും അവളുടെ ആട്ടിൻ കുട്ടിയും ഉണ്ടായിരുന്നു. ആ വീട്ടിൽ തന്നെ വീട്ടുകാവൽക്കാരായ പൊന്നൻ നായയും ഉണ്ടായിരുന്നു. എല്ലാദിവസവും മീനു ആട് മൈതാനത്ത് പുല്ല് മേയാൻ പോകും. ദിവസവും അത് ചെന്നായ കാണാറുണ്ട്. ചെന്നായ വിചാരിച്ചു. ഒരു ദിവസം ഇവളെ അകത്താക്കണം .നല്ല രുചിയായിരിക്കും ഇവളുടെ മാംസത്തിന്.ഒരു ദിവസം പാത്തും പതുങ്ങിയും വന്ന ചെന്നായ ആട്ടിൻ കുട്ടിയുടെ അടുത്ത് കിടന്നുറങ്ങുന്ന മീനു ആടിനെ തട്ടിക്കൊണ്ടു പോയി തിന്നു. ഉറക്കമുണർന്ന് നോക്കിയ ആട്ടിനെ തട്ടിക്കൊണ്ടു പോയി തിന്നു. ഉറക്കമുണർന്ന് നോക്കിയ ആട്ടിൻ കുട്ടി അമ്മയെ



കാണാഞ്ഞ് കരയാൻ തുടങ്ങി. ഇത് കണ്ട് പൊന്നൻ നായ ഓടിയെത്തി. പാവം മീനു ആടിനെ കാണാഞ്ഞ് പൊന്നൻ നായയ്ക്കും വിഷമമായി. ആട്ടിൻ കുട്ടിയുടെ വിശപ്പും വിഷമവും കണ്ട് പൊന്നൻ നായ ഒരു കുപ്പിയിൽ പാൽ നിറച്ച് കൊണ്ടു വന്ന് ആട്ടിൻ കുട്ടിക്ക് കുടിക്കാൻകൊടുത്തു.

-സാൻവി എം
Std I

# [illegible]



നീന്തുന്നു ഞാൻ നീന്തുന്നു
മീനുകളെ പോൽ നീന്തുന്നു
നീന്തുമ്പോൾ ഞാൻ പാടുന്നു
പാടുമ്പോൾ ഞാൻ ആടുന്നു

ഓടുന്നു ഞാൻ ഓടുന്നു
ചീറ്റകളെ പോൽ ഓടുന്നു
ഓടുമ്പോൾ ഞാൻ പാടുന്നു
പാടുമ്പോൾ ഞാൻ ആടുന്നു

നടക്കുന്നു ഞാൻ നടക്കുന്നു
ആനകളെ പോൽ നടക്കുന്നു
നടക്കുമ്പോൾ ഞാൻ പാടുന്നു
പാടുമ്പോൾ ഞാൻ ആടുന്നു

പറക്കുന്നു ഞാൻ പറക്കുന്നു
കാക്കകളെ പോൽ പറക്കുന്നു
പറക്കുമ്പോൾ ഞാൻ പാടുന്നു
പാടുമ്പോൾ ഞാൻ ആടുന്നു

-സാത്വിക് .കെ.കെ
Std II

# വിദൂരമല്ലയെൻ യാത്രകൾ

ഓർമ്മകൾ എന്നും കാണാൻ സുന്ദരവും കേൾക്കാൻഇമ്പവുമുള്ളതാണ്.അത്തരത്തിലെ ഒരു അനുഭവമാകുന്ന ഓർമ്മയാണ് ഇതും. ഇത്തിരി കുഞ്ഞൻ മടിച്ചിയായ ഞാൻ മഞ്ഞുപെയ്യുന്ന സ്വർഗം കണ്ട അനുഭവം. വാർധക്യത്തിന്റെ അവശതകൾ എന്നും എല്ലാവരും പേരു ചൊല്ലി വിളിക്കുന്ന ചില അവസ്ഥാന്തരങ്ങൾ എനിക്കുമുണ്ടായിട്ടുണ്ട്.ചികിത്സ തേടിയപ്പോൾ എന്റെ പ്രിയപ്പെട്ട വൈദ്യനും അതിലുപരി എന്റെ ആത്മസുഹൃത്തുമായ ഡോ.വിപിൻ ജോർജ് എന്നോട് പറഞ്ഞു വ്യായാമം വേണം. ആദ്യനാളുകളിൽ സമയംപോലും തെറ്റാതെ എനിക്ക് മടിയുടെ സ്വാധീനമുണ്ടായി.ഈ മടി മൂലം ചികിത്സ എന്നവണ്ണം ഞാൻ പുതിയ ഉദ്യമത്തിനായി പുറപ്പെട്ടു. നടത്തം!

ഒറ്റവാക്കിൽ നടത്തമെന്നു പറയുമെങ്കലും ഘടികാരസൂചി ഒരടി തെറ്റാതെ ഞാൻ കൃത്യം ആറ് മണിക്ക് നടക്കാൻ ഇറങ്ങി.ഋതുചക്രം മൂലം എന്നെ പോലെ മടിയനായ സൂര്യൻ ചേട്ടന് ഉണരാൻ വളരെ പ്രയാസമായിരുന്നു.അതിനാൽ തന്നെ ആകാശവും ഭൂമിയും ഇരുട്ടുപിടിച്ചു മൂകമായി.ഈ ശാന്തതയ്ക്കിടയിലാ ണ് ഞാൻ പാട്ടും കേട്ട് നടക്കാനിറങ്ങിയത്.വഴിയിൽ അനേകം അഭിമുഖങ്ങൾ 'ഗുഡ് മോർണിങ്'എന്ന സംബോധനയിൽ എന്റെ വായാടിത്തരം നിൽക്കും. എന്തിനോ ആർക്കോവേണ്ടി കാത്തുനിൽക്കുന്നതുപോ ലെ ഒരൊറ്റ തെരുവുവിളക്ക് എന്നെയെപ്പോഴും കാത്തുനിൽക്കും.കയ്യും കാലും ആഞ്ഞുവീശിയും ശിരോവസ്ത്രം ധരിച്ചും കാവിനടുത്തേക്ക് ഞാൻ നീങ്ങി.ഏതു സമയവും കുളിർക്കാറ്റും മൗനവും.തങ്ങി നിന്ന സ്ഥലം എന്റെ മനസ്സ് ശാന്തമാക്കി.പിന്നീട് എന്റെ വീടിന്റെ പുറകിലെ കുന്നിൻ പുറത്തേക്ക്.അമ്മ പറയും നേരെയുള്ള വഴിയിലൂടെ മാത്രമേ നടക്കാവൂ അല്ലെങ്കിൽ ആ സമയം ആയാസം കൂടുമെന്ന്. ഇതൊന്നും കേൾക്കാത്ത മട്ടിൽ ഞാനവിടുത്തേക്ക് പാലായനം ചെയ്യും.അവിടെയാണ് സ്വർഗം!



കാട്ടുചെടികളും പടുകൂറ്റൻ മരങ്ങളും തിങ്ങിനിറഞ്ഞ ആ സ്ഥലം മഞ്ഞിന്റെയും എന്റെയും വിഹാരകേന്ദ്രമായിരുന്നു.കുന്നിന്റെ ഉച്ചിയിലെത്തിയാൽ ഒരു വിസ്മയലോകം കാണാം.മഞ്ഞിൻകണങ്ങൾ കണ്ണീരായി ചെയ്യുന്ന കാഴ്ച! ഞാനതിശയിച്ചു.ഇവിടെയോ?കാണാൻ മാത്രമല്ല കിളികളുടെ വാഗ്വാദവും പാട്ടും കേൾക്കാമായിരുന്നു.'മഞ്ഞ്,തണുപ്പ്,വയലാർശരത്ചന്ദ്രവർമ്മ' ഇതുമൂന്നും സമ്മിശ്രമാകുമ്പോൾ ആഹാ!സ്വർഗം.

ഉണ്ണിമായ
ക്ലാസ് 10



# പ്രതിമ

ഒന്നും മിണ്ടാതെ
ഒന്നും ചെയ്യാതെ
മഴയേറ്റ് വെയിലേറ്റ്
കോടികൾ ചിലവിട്ട്
കരങ്ങളാൽ പണിതൊരുക്കിയതാം
പ്രതിമ പക്ഷികൾ
കാഷ്ഠിച്ച് നാശമാക്കുകിൽ
ജീവിച്ചിരുന്ന നാൾ വഴികളിലിവർ
ചെയ്ത നന്മകൾ മറക്കാനോ?
അതോ ആരുടെയൊക്കെയോ
മടിശ്ശീലകൾ വീർപ്പിക്കാനോ

ആരാധ്യ ജയേഷ്
std




വരച്ചത്-സുകൃത ടി(IX-A)
അഷിൻനാഥ്(IX-A)
ദേവനന്ദൻ(IX-A)

# ഓർമ്മകളിലെ മൗനം


എന്തിനാണീ മൗനം?കാറ്റ് അന്വേഷിച്ചു.
അവൾക്കറിയില്ലായിരുന്നു ഒന്നും.
അവന്റെ ഓർമ്മകളിൽ ജീവിക്കുന്ന
അവൾക്ക് മൗനം മാത്രമായിരുന്നു കൂട്ട്.
പോയകാലത്തിലാതിരുന്ന മൗനം
എന്തുകൊണ്ടാണിന്നെന്നെ വന്നു തടയുന്നത്?
മിണ്ടി മിണ്ടി മിണ്ടാതായവർക്കിന്ന് കൂട്ടിന്
മൗനം മാത്രമാണുള്ളത്.
ആ മൗനത്തെ കാറ്റു മെല്ലെ തഴുകി...
പരസ്പരം ഒന്നായി ജീവിച്ചിരുന്ന
രണ്ടു മനുഷ്യരുടെ കഥ മൗനം
കാറ്റിനോട് പറഞ്ഞു.
എന്തുകൊണ്ടാണവൻ അവൾക്കിത്രയേറെ
പ്രിയമുള്ളവനായത്?



അവൾക്കറിയില്ല.
തന്നിലെ ഓരോ നിമിഷവും അവൾ
അവനിൽ ജീവിക്കുകയായിരുന്നു.
എന്നാൽ ആ നിമിഷങ്ങൾ തന്നെ
അവളെ ഇന്ന് മൗനമാക്കിത്തീർത്തു.
ആ ഓർമ്മകളും മൗനവും
അവളെ ഒരുപാട് മാറ്റി...
അതെ,ചില മൗനങ്ങൾ അങ്ങനെയാണ്,
മനുഷ്യനെ ഒരുപാട് മാറ്റും...
എന്നെങ്കിലും അവൻ തന്നിലേക്കണയും
എന്ന പ്രതീക്ഷയാൽ അവൾ മൗനത്തിലാഴുന്നു.
ആ മൗനത്തെ തഴുകി കൊണ്ട്
കാറ്റ് മെല്ലെയകന്നു...
കാറ്റ് പോയതോടെ അവൾവീണ്ടും തനിച്ചായി.
ഇനി അവൾക്കാരാണ് കൂട്ട്?
മൗനം മാത്രം.

അനുഗ്രഹ എം
**ക്ലാസ് 10**

# ഇനിയും ഒരു വസന്തം




ഈ പൂവാടിയിലെ
സ്നേഹമാർന്ന പൂവായിരുന്നു
ഞാൻ
വാനത്തിലേക്ക് ചിറകടിച്ച
കിളിയായാരുന്നു ഞാൻ
യൗവ്വനത്തിന്റെ പടിയിൽ
കാലു പതിപ്പിച്ചു
പഠനത്തിന്റെ നെറുകയിൽ
മധുരിക്കുന്ന ഓർമ്മകൾ
ഒന്നുകൂടി സ്പർശിച്ചു.
ഇതാ ഈ വേളയിൽ
പലതാളുകളും ഒന്നുകൂടി
തുറക്കാൻ
പലബന്ധങ്ങളും
ഉറപ്പുള്ളതാക്കാൻ
ഇനി ഈ വസന്തം മരിക്കുന്നില്ല
ഇനിയും ഞാൻ വരും
കാലം എത്ര കഴിഞ്ഞോട്ടെ
എത്ര പുഷ്പം ശോഭിച്ചോട്ടെ.
ഓർമ്മയിലെ വസന്തം
ഇനിയും മങ്ങാതിരിക്കട്ടെ.....

അഞ്ജനസതീശൻ
VIII B


# തുണയായ ജീവിതം

ഒരിടത്ത് ഒരു അമ്മയും മകനും ജീവിച്ചിരുന്നു. മകന്റെ പേര് അപ്പു.അപ്പുവിന് അച്ഛനില്ലായിരുന്നു. ഒരിക്കൽ ആ ഗ്രാമത്തിൽ വെള്ളപ്പൊക്കം വന്നു.അപ്പുവും അമ്മയും താമസിച്ചിരുന്ന വീട് തകർന്നുപോയി.അവർ ദുരിതാശ്വാസക്യാമ്പിലേക്ക് പോകാൻ തീരുമാനിച്ചു.അപ്പുവും അമ്മയും ആ ഗ്രാമത്തിലെ പ്രസിഡന്റിനെ കാണാൻ പോയി."എന്താ എന്തിനാ വന്നത്?".പ്രസിഡന്റ് ചോദിച്ചു."ഞങ്ങളുടെ വീട് തകർന്നുപോയി.ഇനി നമുക്ക് എവിടെയും താമസിക്കാനാവില്ല.നമ്മൾ ദുരിതാശ്വാസക്യാമ്പിലേക്ക് പൊയിക്കോട്ടെ.?"അപ്പുവിൻെറ അമ്മ പറഞ്ഞു.അതുകേട്ട പ്രസിഡൻറിന് ദേഷ്യം വന്നു.''നിങ്ങൾ അങ്ങോട്ട് പോകേണ്ട .നിങ്ങളുടെ ഭർത്താവ് എനിക്ക് ഒരുപാട് കാശുതരാനുണ്ട്.അതുകൊണ്ട് നിങ്ങൾ ഈ ഗ്രാമം വിട്ട് പോകുന്നതാണ് നല്ലത്.''ഇതുകേട്ട അപ്പുവിനും അമ്മയ്ക്കും വളരെ സങ്കടമായി.അവർ രണ്ടുപേരും അടുത്തുള്ള ഒരു കാട്ടിലേക്ക് പോയി.അവിടെ ഒരു വിശാലമായ പ്രദേശം അവർ രണ്ടുപേരും കണ്ടു.അപ്പോൾ അപ്പു പറഞ്ഞു "അമ്മേ നമുക്കിവിടെ ഒരു കൊച്ചുവീട് കെട്ടാം.ഈ മരങ്ങളൊക്കെ മുറിച്ച് മരങ്ങളെക്കൊണ്ടൊരു വീട്" അതുകേട്ട അമ്മ അപ്പുവിനോട് പറഞ്ഞു."നീ എന്താ അപ്പു പറയുന്നത്.നമ്മളീ മരത്തെയോ ഈ ഭംഗിയെയോ തകർക്കരുത്.ഇവിടെ വീണു കിടക്കുന്ന ചുള്ളിക്കമ്പുകൾ കൊണ്ട് നമുക്ക് വീടുണ്ടാക്കാം."അപ്പോൾ അപ്പു പറഞ്ഞു."അമ്മ പറഞ്ഞത് ശരിയാണമ്മേ.എനിക്കാണ് തെറ്റിയത്.ഞാനീ ചുള്ളിക്കമ്പുകൾ മുഴുവനും പിറക്കി അമ്മയ്ക്ക് തരാം."അങ്ങനെ അപ്പു ചുള്ളിക്കമ്പുകൾ പിറക്കുന്നതിനിടെ അവനെ പെട്ടന്നൊരു പാമ്പ് കടിച്ചു.അവൻ അവിടെ വീണു.പെട്ടെന്ന് ഒരാൾ പ്രത്യക്ഷപ്പെട്ട് അവനെ ഉണർത്തി.അവർ കുറേ സംസാരിച്ചു.അവർക്ക് ഒരു മായാജാലവീടും അയാൾ കൊടുത്തു. അങ്ങനെ അവർ സന്തോഷത്തോടെ ജീവിതം നയിച്ചു.


-ശ്രീനിധിനിധീഷ്
std:VI-A





Devananda A V
VI B



ആരാധ്യ കെ
ഒന്നാതരം





ദേവജിത്ത് പി
ഒന്നാതരം


പേടിത്തൊണ്ടൻ ജോജോ കരടി
മഹാവിക്രമികനും ധൈര്യശാലിയുമാണ് ജോജോ കരടി അവന് അത്രയും വലിയ പേടിയൊന്നും ഇല്ല
ഒരു ദിവസം ജോജോക്ക് പനി പിടിച്ചു.
കാട്ടിലുള്ള മരുന്നുകളെല്ലാം കുടിച്ചു നോക്കിയിട്ടും ഫലമുണ്ടായില്ല. പനി മാറിയതേ ഇല്ല
അടുത്തുള്ള ആശുപത്രിയിലെ ഡോക്ടറെ വിളിച്ചു.
ഡോക്ടർ സൈക്കിളുമായി എത്തി. ജോജോനെ പരിശോധിച്ചപ്പോൾ കോവിഡ്
ഇഞ്ചെക്ഷൻ വെക്കാൻ ഡോക്ടർ സൂചി എടുത്തപ്പോൾ ജോജോ കരടി പേടിച്ച് നിലവിളിച്ച് മരത്തിന്റെ മുകളിൽ കയറി

**സാൻവി എം**

**ഒന്നാതരം**




**ആരാധ്യ കെ വി**
**ഒന്നാതരം**



# കറുമ്പി കാക്കയും കുട്ടൻ ഞണ്ടും

പണ്ട്പണ്ട് ഒരു കാട്ടിൽ ഒരു കുറുമ്പി കാക്ക ഉണ്ടായിരുന്നു. ഒരു ദിവസം കാക്ക കൂട്ടിൽ കിടന്ന് ഉറങ്ങുകയായിരുന്നു. ആ സമയം ഒരു വേടൻ കാക്കയെ അമ്പെയ്യാൻ വന്നു. അപ്പോൾ അതു വഴി കാക്കയുടെ കൂട്ടുകാരൻ കുട്ടൻ ഞണ്ട് വന്നു. അയ്യോ! കാക്ക അപകടത്തിലാണല്ലോ എന്തുചെയ്യും? ഞണ്ടിന് ഒരു ബുദ്ധി തോന്നി. ഞണ്ട് വേടന്റെ കാലിൽ ഇറുക്ക് കൊടുത്തു. അയ്യോ! എന്റെ കാല് ... വേടൻ അലറി. ഒച്ച കേട്ട് കാക്ക എഴുന്നേറ്റു. ഒറ്റ പറക്കൽ... അപ്പോഴാണ് കാക്കയ്ക്ക് ഞണ്ട് ചെയ്ത സഹായം മനസിലായത്. കാക്ക ഞണ്ടിനോട് നന്ദി പറഞ്ഞു. നീ എന്റെ ജീവനാണ് രക്ഷിച്ചത്. അതുകൊണ്ട് നീ ഇന്ന് വീട്ടിൽ വരണം. ഈ സന്തോഷം നമുക്ക് പായസം വെച്ച് ആഘോഷിക്കാം. നിന്റെ കൂട്ടുകാരെയും കൂട്ടണം. ഞണ്ടിന് സന്തോഷമായി. അങ്ങനെ അവർ നല്ല കൂട്ടുകാരായി.



-ശ്രീശിവാൻഷ്
ഒന്നാതരം

# മാന്ത്രികയന്ത്രം

സ്വർണച്ചിറകുള്ള
സുന്ദരമാം തൂവലായ്
സുന്ദരിയാം കുഞ്ഞിക്കിളി
പാറിനടക്കുമ്പോൾ മാന്ത്രികയന്ത്രം
കുഞ്ഞിക്കിളിതൻ ജീവിതത്തിൽ
വന്നു പോയി.
ലോകമെന്തെന്നറിയാതെ
സ്നേഹമെന്തെന്നറിയാതെ
മാന്ത്രികയന്ത്രത്തിൻ വലയിൽ
അകപ്പെട്ടു.
മാന്ത്രികയന്ത്രം
കുഞ്ഞിക്കിളിതൻ ജീവിതം
മാറ്റിമറിച്ചീടുന്നു
കുറ്റബോധത്തിൻ
വിങ്ങലോടെ കുഞ്ഞിക്കിളി
തൻ ജീവിതം ജീവിച്ചീടുന്നു.

-അനുവിന്ദരാജ്.കെ
std -IX A

## എന്റെ കൊച്ചുവീട്

ഒരു കൊച്ചു ഗ്രാമത്തിൽ പുഴയുടെ വക്കത്ത്
ഓടിട്ട വീടാണെന്റെ കൊച്ചുവീട്
പൂക്കൾ നിറഞ്ഞൊരു പൂന്തോട്ടവും
തേൻകുടിക്കാനെത്തുന്ന
പുമ്പാറ്റകളും മുറ്റത്ത് നിറയെ മാമ്പഴമുള്ളൊരു
മൂവാണ്ടൻ മാവും വീടിൻെറ അരികിലായ്
ഒഴുകുന്നപുഴയും
കളകള ശബ്ദമാണ് ഈ പുഴയ്ക്ക്
സ്നേഹിക്കാൻ അച്ഛനും ലാളിക്കാൻ
അമ്മയുമുണ്ടല്ലോ
എൻെറ കൊച്ചുവീട്ടിൽ
വീടിനരികിലെ തെങ്ങോലയിൽ
തുക്കണാം കുരുവി കൂടുകെട്ടി
പാലുതരുന്നൊരു പശുവും
ഓടിക്കളിക്കുന്ന കുഞ്ഞിക്കിടാവും
കുറിഞ്ഞിപ്പൂച്ചയും ഉണ്ടെൻെറ വീട്ടിൽ
കിളികൾ ഈണത്തിൽ പാട്ടുപാടുമ്പോൾ
കൂടെ ഞാനും പാട്ട് പാടും
എല്ലാവരും ഒത്തുകഴിയുന്ന
സ്വർഗ്ഗമാണെൻെറ വീട്
സ്നേഹമാണെൻെറ കൊച്ചുവീട്



-രഘന.കെ.വി
Std III

## ആനന്ദം പരമാനന്ദം

തിരക്കഥ : സിന്ധുരാജ്
സംവിധാനം :ഷാഫി

മുഴുക്കുടിയനായ മദ്യപാനി എന്നും സിനിമകളിൽ തമാശ പ്രചരിപ്പിക്കുമ്പോൾ പിന്നിൽ വെന്തുരുകുന്ന കുടുംബമനസ്സുകൾ ആരും കാണാതെ പോകുന്നു.ഷറഫുദ്ദീൻ നായകനായെത്തി ഇന്ദ്രൻസ് പ്രധാന കഥാപാത്രമായ 'ആനന്ദം പരമാനന്ദം' എന്ന ഷാഫി ചിത്രം പ്രേക്ഷകർക്ക് ആനന്ദവും കണ്ണിൽ അൽപ്പം നനവും പകരുന്ന ചിത്രമാണ്.

നടന്നുമടുത്തപ്പോൾ വി.ആർ.എസ് എടുത്ത പോസ്റ്റ്മാനാണ് ദിവാകാരകുറുപ്പ്. പിന്നീട് അയാൾ ജീവിതം കഴിഞ്ഞു കൂട്ടിയത് കള്ളുഷാപ്പിലാണ്. സ്നേഹമയിയായ ഭാര്യ വിമലടീച്ചറും മകൾ അനുപമയും വീട്ടിൽ കാത്തിരിക്കുന്നുണ്ടെങ്കിലും കുറുപ്പ് എന്നും വഴിതെറ്റാതെ കള്ളുഷാപ്പിൽ എത്തിചേരും. അവർ എത്ര ശ്രമിച്ചിട്ടും കുറുപ്പിന്റെ കള്ളുകുടി മാറ്റാൻ പറ്റുന്നില്ല. കള്ളുകുടിച്ച് തല്ലുണ്ടാക്കി സ്ഥലത്തുനിന്നും ദുബായിലേക്ക് വണ്ടി കയറിയ ഗിരീഷ് ഗൾഫ് മടുത്ത് തിരിച്ചെത്തിയപ്പോൾ ചെന്നെത്തിയതും കള്ളഷാപ്പിൽ തന്നെ. ആകസ്മികമായി കുറുപ്പിന്റെ മകൾ അനുപമയെ കണ്ട ഗിരീഷിന് അനുപമയെ വിവാഹം കഴിച്ചാൽ കൊള്ളാമെന്ന് തോന്നുന്നു. പക്ഷേ കള്ളുകുടിയനാണെങ്കിലും പ്രിയപ്പെട്ട മകളെ ഒരു കള്ളുകുടിയന് പിടിച്ചുകൊടുക്കാൻ ആ അച്ഛൻ തയാറാകുന്നില്ല.

പക്ഷേ അച്ഛന്റെ കള്ളുകുടി നിർത്തിയില്ലെങ്കിൽ ഗിരീഷിനോടൊപ്പം തന്നെ പോകുമെന്ന് മകൾ പറഞ്ഞെങ്കിലും പറഞ്ഞ വാക്ക് പാലിക്കാൻ അച്ഛന് കഴിയാതെ വന്നപ്പോൾ മകൾ വാക്കു പാലിക്കുന്നു. ഇനി ഒരിക്കലും മദ്യപിക്കില്ല എന്ന വാക്ക് പാലിക്കാൻ ഒരു മദ്യപാനിക്ക് കഴിയില്ല എന്ന് അനുപമ തിരിച്ചറിയാൻ വൈകിപ്പോയിരുന്നു. അമ്മയെപ്പോലെ കള്ളുകുടിയൻ ഭർത്താവിനെ കാത്തിരിക്കലായി മകളുടെയും വിധി . ഒടുവിൽ കള്ളുകുടി നിർത്താൻ കഴിയില്ലെങ്കിലും മരുമകനെ നല്ലവനാക്കാൻ സ്വയം ഒടുങ്ങാൻ തന്നെ ആ അച്ഛൻ തീരുമാനിക്കുന്നു. അച്ഛൻ പോയിക്കഴിഞ്ഞാണ് സ്നേഹനിധിയായ അച്ഛന്റെ വില മകൾ മനസ്സിലാക്കുന്നത്. കുറുപ്പ് ഒരോർമ്മയായി മാറിയെങ്കിലും ഓരോ ദിവസവും വീട്ടിൽ എത്തിക്കാൻ കുറുപ്പ് സുഹൃത്തുക്കളെ ഏൽപ്പിച്ച കത്തുകളായി ഭാര്യയുടെയും മകളുടെയും ജീവിതത്തിൽ കുറുപ്പ് നിറയുകയാണ് കുറുപ്പിന്റെ കത്തുകളിലൂടെ പല നിഗൂഢ രഹസ്യങ്ങളും ചുരുളഴിയുന്നു.

മദ്യപാനം പ്രമേയമായി ഏറെ സിനിമകൾ എത്തിയിട്ടുണ്ടെങ്കിലും വളരെ വ്യത്യസ്തമായ ആഖ്യാനശൈലിയുമാണ് സിന്ധുരാജുവും ഷാഫിയും ഇത്തവണ എത്തിയത്. കുടിക്കുമ്പോൾ ആനന്ദവും ബോധം പോകുമ്പോൾ പരമാനന്ദവും എന്ന അവസ്ഥയിൽ കഴിയുന്ന മദ്യപാനികളുടെ കണ്ണു തുറപ്പിക്കുന്ന ചിന്തകൂടി പകരുന്ന ചിത്രമാണ് 'ആനന്ദം പരമാനന്ദം’. മനം കവരുന്ന ഗാനങ്ങളും തമാശകളും ചേർന്ന ഈ ചിത്രം പ്രേക്ഷക മനസ്സുകളിൽ ഇടംപിടിക്കും എന്നത് നിസ്സംശയം പറയാം.

-ദൃശ്യാദാസ്.എ.വി

ക്ലാസ്10

# സ്നേഹം

ഒരിടത്ത് ഒരു മുത്തശ്ശനും മുത്തശ്ശിയും താമസിച്ചിരുന്നു. അവർ തനിച്ചായിരുന്നു ജീവിച്ചിരുന്നത്. ഒരിക്കൽ മുത്തശ്ശൻ നടക്കാൻ ഇറങ്ങിയപ്പോൾ ഒരു ആൾക്കൂട്ടം കണ്ടു. എന്താണെന്നറിയാൻ മുത്തശ്ശൻ അവിടേക്ക് ചെന്നു. അപ്പോൾ ഒരു നായ്ക്കുട്ടിയെ വണ്ടി ഇടിച്ച് പരിക്കുപറ്റി വയ്യാതെ കിടക്കുന്നു. അപ്പോൾ മുത്തശ്ശൻ ആൾക്കൂട്ടത്തെ നോക്കി പറഞ്ഞു "ഇങ്ങനെ ഇതിനെ നോക്കി നിൽക്കാതെ ആശുപത്രിയിൽ കൊണ്ടു പോയിക്കൂടെ" അപ്പോൾ അതിൽ ഒരാൾ പറഞ്ഞു "എന്തിന് ഇതിനെ കൊണ്ടു പോകണം. എന്നാൽ നിങ്ങൾക്ക് കൊണ്ടുപോയി കൂടെ"? അതുകേട്ട മുത്തശ്ശന് സങ്കടം വന്നു. പിന്നെ മുത്തശ്ശൻ അതിനെ എടുത്ത് ആശുപത്രിയിൽ കൊണ്ടുപോയി. ആ നായയെ മുത്തശ്ശന് വഴിയോരത്ത് കളഞ്ഞിട്ട് പോകാൻ തോന്നിയില്ല. അതുകൊണ്ട് അതിനെ വീട്ടിലേക്ക് കൊണ്ടുപോയി. നായയ്ക്ക് മിട്ടു എന്ന് പേരിട്ടു. മുത്തശ്ശിക്കും വളരെ സന്തോഷമായി. ഒരിക്കൽ മുത്തശ്ശിയും മിട്ടുവും വിറക് ഒടിക്കാൻ പോയപ്പോൾ മുത്തശ്ശി തളർന്നു വീണു. അതു കണ്ട മിട്ടു ഓടിപ്പോയി മുത്തശ്ശനെ വിളിച്ച് അവിടേക്ക് കൊണ്ടു വന്നു. മുത്തശ്ശൻ മുത്തശ്ശിയെ ആശുപത്രിയിൽ കൊണ്ടു പോയി. മുത്തശ്ശിയുടെ അസുഖം സുഖപ്പെട്ടു. മുത്തശ്ശൻ മിട്ടുവിനോട് നന്ദി പറഞ്ഞു. അങ്ങനെ അവർ വീണ്ടും സന്തോഷത്തോടെ ജീവിച്ചു.

ഗുണപാഠം -ഒരു സഹായം ചെയ്താൽ നൂറിരട്ടി പ്രതിഫലം തിരിച്ചു കിട്ടും.

ശ്രീനിധി നിധീഷ്
Std:VI-A

## പഠനയാത്ര-യാത്രാവിവരണം

പഠനയാത്ര എന്നും ഒരു ആവേശമാണ്.ടൂറ് പോകുന്നു എന്ന് അറിഞ്ഞ ഞാൻ വലിയ സന്തോഷവാനായിരുന്നു.സ്നേക്ക് പാർക്കിലേക്കും വിസ്മയപാർക്കിലക്കുയിരുന്നു ഞങ്ങളുടെ യാത്ര. രാവിലെ 7:30 യോടെ ഞാൻ സ്കൂളിൽ എത്തി.അപ്പോഴേക്കും എന്റെ ചില കൂട്ടുകാരും അവിടെ എത്തിയിരുന്നു.ബസ്സിൽ പാട്ട് വെച്ച് ആടിത്തിമിർത്താണ് ഞങ്ങൾ പോയത്. ആദ്യം പോയത് സ്നേക്ക്പാർക്കിലേക്കായിരുന്നു.നിര വധിയിനം മീനകൾ,മൂങ്ങ,പരുന്ത്,മുതല,മയിൽ,ഇഗ്വാ ന,കുരങ്ങൻ,മുള്ളൻ പന്നി തുടങ്ങിയ നിരവധിയായ പാമ്പികളെയും ഞാൻ അവിടെ കണ്ടു.അണലി,ശംഖ് വരയൻ,പെരുമ്പാമ്പ്,പച്ചോലപ്പാമ്പ്,രാജവെമ്പാല,മൂർഖൻ,ചേര തുടങ്ങിയവയായിരുന്നു അത്.ലോകത്തി ലെ ഏറ്റവും വലിയ രണ്ടാമത്തെ പക്ഷിയായ എമുവി നെയും അതിന്റെ നീലമുട്ടയും ഞാൻ കണ്ടു.കാഴ്ചക ളെല്ലാം കണ്ട് ബസ്സിൽ കയറി വിസ്മയാപാർക്കിലേക്ക് തിരിച്ചു.വിസ്മയപാർക്കിലെത്തി പ്രഭാതഭക്ഷണം കഴിച്ചു.പിന്നെ ഞങ്ങളെ ലൈനിൽ നിർത്തി പാർക്കി നള്ളിലേക്കുകൊണ്ടുപോയി.കവാടത്തിൽ തന്നെയുള്ള കുബേർ കുഞ്ചിയുടെ വലിയ പ്രതിമയാണ് ഞാൻ ആദ്യം കണ്ടത്.വസ്ത്രംമാറാനായി പോയപ്പോൾ ഒരു വലിയ തവളയുടെ പ്രതിമയും കണ്ടു.ബാഗ് കൊണ്ടുവച്ച് ഞങ്ങൾ കളിക്കാനിറങ്ങി.ആദ്യം ജലാശയത്തിന് ചുറ്റും നീങ്ങുന്ന ഒരു ട്രെയിനിലായിരുന്നു ഞങ്ങൾ കയറിയത്.പിന്നെ ഞങ്ങൾ ഹൊറർ കേവിൽ കയറി. പേടിപ്പെടുത്തുന്ന കുറേ പ്രേതരൂപങ്ങളും അവിടെയുണ്ടായിരുന്നു.ഞങ്ങൾ അവിടെ നിന്ന് പുറത്തിറങ്ങി.ഞങ്ങൾ കുറേ ഫോട്ടോകളെടുത്തു. പിന്നെറൈഡുകളിൽ കയറി.പിന്നെ ഉച്ചയൂണ് കഴിക്കാൻ പോയി.ഭക്ഷണത്തിനശേഷം മാജിക് 3D റൂമിൽ കയറി.അവിടെ നിന്നു തന്നെ കണ്ണടവെച്ച് അതിനള്ളിൽ കയറി.ആ റൂമിൽ കുറേ സീറ്റുകൾ ഉണ്ടായിരുന്നു.ഞങ്ങൾ ഓരോന്നിലും കയറി ഇരുന്നു.

പിന്നെ ഒരു ട്രെയിൻ പാളം മുമ്പിൽ തെളിഞ്ഞു.അപ്പൊ ഞങ്ങൾക്ക് മനസ്സിലായി റോളർ കോസ്റ്ററാണെന്ന്. പിന്നെ അത് നീങ്ങുന്നതായി ഞങ്ങൾക്ക് തോന്നി. നമ്മളും റൂമുമൊക്കെ വളയുന്നതുപോലെ തോന്നി. പിന്നെ ഞങ്ങൾ അതിൽ നിന്ന് ഇറങ്ങി.പിന്നെ ഞങ്ങൾ മിററൂമിൽ കയറി.എനിക്ക് അതിനുള്ളിൽ പോകേണ്ട വഴി എങ്ങോട്ടാണ് എന്ന് മനസ്സിലായില്ല.കാരണം എന്നെപ്പോലെ കുറേ രൂപങ്ങൾ അവിടെയുണ്ടായിരുന്നു.പിന്നെ അതിൽ നിന്ന് ഇറങ്ങി.ഞങ്ങൾ സിമ്മിങ് പൂളിലേക്ക് പോയി. ഞാൻ കുറേസമയം കളിച്ചു.നല്ല രസമായിരുന്നു. ഞങ്ങൾ ഏകദേശം 6മണിയാകുമ്പോഴേക്കും അവിടെനിന്ന് തിരിച്ചു.വഴിയിൽവച്ച് ചായ കുടിച്ചു. ഏകദേശം 8മണിയോടുകൂടി വീട്ടിലെത്തി. കൂട്ടുകാരോടൊത്തുള്ള മറക്കാനാവാത്ത അനുഭവമായിരുന്നു എനിക്ക് ഈ പഠനയാത്ര.

-സ്നേഹിത്
IV

# നായ



നായ നല്ല നായ
ഭംഗിയുള്ള നായ
പാൽ കുടിക്കും നായ
ബൗ ബൗ കുരക്കും നായ
നായ നല്ല നായ

-ധൻവി സുരേഷ് യു.കെ
Std II

# കുഞ്ഞിപ്പുഴുവും പൂമ്പാറ്റക്കുട്ടനും

ഒരു ദിവസം ഒരു പൂമ്പാറ്റ ഒരു കുഞ്ഞിലയിൽ വന്ന് മുട്ടയിട്ടു.
ഒത്തിരിമുട്ടയുണ്ടായിരുന്നു .എങ്കിലും ആദ്യം ഒരു തുള്ളിക്കളിക്കുന്ന കുഞ്ഞിപ്പുഴു പുറത്തെത്തി. അവന് അതിശയം തോന്നി.

"ഹായ് എന്തു നല്ല ലോകം"

അവൻ കുറച്ചു കുറച്ച് ഇല തിന്നുകൊണ്ട് നടന്നു.അപ്പോഴാണ് അവൻ കണ്ടത്. ഒരു പ്യൂപ്പ. അതിൽ നിന്ന് പെട്ടെന്ന് മനോഹരമായ ഒരു പൂമ്പാറ്റക്കുട്ടൻ പുറത്ത് ഇറങ്ങി. കുഞ്ഞിപ്പുഴു ചോദിച്ചു.

"നീ ആരാണ്. നിന്നെ കാണാൻ നല്ല ഭംഗിയുണ്ടല്ലോ." പൂമ്പാറ്റ പറഞ്ഞു.

"ഞാൻ പൂമ്പാറ്റക്കുട്ടൻ.നിന്നിൽ നിന്ന് തന്നെയാ ഞാൻ ഉണ്ടായത്".

കുഞ്ഞിപ്പുഴു എന്തോ ഓർത്ത് സന്തോഷിക്കാൻ
തുടങ്ങി. കാരണം താനും ഇങ്ങനെയാവുമെന്ന് അവന് തോന്നി.
കുഞ്ഞിപ്പുഴു ചോദിച്ചു.എങ്ങനെയാണ് ഞാൻ പൂമ്പാറ്റയാവുന്നതെന്ന്.
പൂമ്പാറ്റ മറുപടി പറഞ്ഞു.

"ഒരു പൂമ്പാറ്റ വന്ന് മുട്ടയിട്ട് അത് പ്യൂപ്പയായി മാറി കൂടുകെട്ടി അതിൽ കുറേ നേരം കിടന്നുറങ്ങും. കുറച്ച് ദിവസം കഴിഞ്ഞാൽ ഒരു പൂമ്പാറ്റയായി മാറും.അങ്ങനെയാണ് നമ്മൾ ഉണ്ടാകുക".

–വേദിക.കെ
VI-B



# നിഴലും നിലാവും

മേഘമേ നിൻ സ്വരം കേൾക്കുന്നു
ഞാൻ.......
നിൻ കണ്ണീര് കാണുന്നു
നിൻ ക്രൂരമാം ദംഷ്ട്രകൾ
തെളിയുന്നു......
നിന്റെ ശ്വേതവർണ്ണങ്ങളും
എന്നിൽ പുതു പ്രതീക്ഷകൾ
ഉണർത്തുന്നു
സായാഹ്നങ്ങളിൽ നിൻ
അരുണ ശോഭയാം ചാരുത
നോക്കി നിൽപ്പൂ
നിന്റെ ദുഃഖമാം കണ്ണീർ കണങ്ങളെ
ആട്ടിയോടിക്കുന്നു മന്ദമാരുതൻ
ആരെ നീ തേടിപ്പോകുന്നു?
ഈ അനന്തമാം ആകാശ വീഥിയിൽ



ആർഷ എം കെ
VIII B

## പിങ്കീ

പിങ്കീ പിങ്കീ പുന്നാരപ്പിങ്കീ
പാണ്ടവൻ കാട്ടിലെ മുത്താണു നീ
പുത്തനുടുപ്പിട്ട് കളിചിരിയോടെ
ചാടിനടക്കും മുത്താണു നീ

പിങ്കീ പിങ്കീ സുന്ദരിപ്പിങ്കീ
പാണ്ടവൻ കാട്ടിലെ മുത്താണു നീ
പുത്തനുടുപ്പിട്ട് കളിചിരിയോടെ
പാടിനടക്കും മുത്താണു നീ

പിങ്കീ പിങ്കീ ചങ്ങാതിപ്പിങ്കീ
പാണ്ടവൻ കാട്ടിലെ മുത്താണു നീ
പുത്തനുടുപ്പിട്ട് കളിചിരിയോടെ
ഓടിനടക്കും മുത്താണു നീ

-ദേവ്നരജീഷ്

ക്ലാസ്:2

I HAVE



e



## ജീവിതവും വേവലാതികളും

എപ്പോഴും  വേവലാതിയാണെങ്കിൽ
എന്തുകാര്യം ജീവിതം കൊണ്ട് ?
നിങ്ങൾതൻ ബാല്യമാസ്വദിച്ചു.....
നിങ്ങൾതൻ ഭാവി ആസ്വദിച്ചു.....
എന്തിനാണിത്ര വേവലാതി?
ജീവിതം കാണാത്ത വേവലാതി?

അമ്പലമുറ്റത്ത് ഒത്തിരിഒത്തിരി
കുഞ്ഞിപ്പൂക്കൾ  വിരിഞ്ഞുനിൽക്കേ
സ്പടികം പോലെ തിളങ്ങും
നദികൾ സങ്കടത്തോടെയൊഴുകെ
എന്തിനാണിത്ര വേവലാതി?
എന്തെന്നറിയാത്ത വേവലാതി?

[illegible]
VI B

# പറ്റിച്ചേ

ചന്തു ഒരു വികൃതിയായ ഒരു കുട്ടിയാണ്.ചന്തു ആരെയും കളിക്കാനും,ഇരിക്കാനും ഒന്നും വിടില്ല.കിങ്ങിണിയുംചിന്നുവും കൂട്ടുകാരാണ്.അവർഒരിടത്തുനിന്ന്കളിക്കുകയായിരുന്നു. അപ്പോഴാണ് ചന്തു വന്ന് ശല്ല്യം ചെയ്യാൻ തുടങ്ങിയത്. ചിന്നുവിന് ഒരു ഉപായം തോന്നി.അവൾ ചന്തുവിന്റെ അടുത്തേക്ക് പോയി,ചന്തുവിനോട് പറഞ്ഞു.ചന്തൂ നീ ഞങ്ങളെ കളിക്കാൻ വിട്ടാൽ നമ്മൾ സമ്മാനമായി മിഠായി തരും.ശരി സമ്മതിച്ചു.ചന്തു പറഞ്ഞു.അങ്ങനെ ചിന്നുവും,കിങ്ങിണിയും കളിക്കുന്നത് ചന്തു നോക്കിയിരുന്നു.കളി കഴിഞ്ഞ് കിങ്ങിണിയും,ചിന്നുവും വീട്ടിലേക്ക് പോകുമ്പോൾ ചന്തു ചോദിച്ചു.എന്റെ മിഠായി എവിടെ?ഞങ്ങളുടെ കൈയ്യിൽ മിഠായി ഒന്നും ഇല്ല.ഞങ്ങൾ നിന്നെ പറ്റിച്ചതാണ്.ചന്തു നാണംകെട്ട് വീട്ടിലേക്കുപോയി.

ആരാധ്യ എൻ
രണ്ടാം തരം

# പായസം

വലിയ ഒരു കാട്ടിൽ ഒരു കിളി താമസിച്ചിരുന്നു
കിളിയുടെ പേരാണ് നിട്ടു.ഒരു ദിവസം നിട്ടു തന്റെ കൂട്ടിൽ
ഇരിക്കുമ്പോൾ നിട്ടുവിന് പായസം കുടിക്കാൻ ഒരു മോഹം .
നിട്ടു വിറകും ,പായസത്തിനുള്ള സാധനങ്ങളും
കൊണ്ടു വന്നു.പായസം ഉണ്ടാക്കി തന്റെ കൂട്ടുകാരായ
ചക്കുവിനും,ചിക്കുവിനും കൂട്ടി
പായസം കുടിച്ചു.
എല്ലാവർക്കും സന്തോഷമായി....



ആരാധ്യ.കെ.വി
std I



# നല്ല കൂട്ടുകാർ

പണ്ട് പണ്ട് ഒരിടത്ത് കുക്കു താറാവും മിക്കു തവളയും ഉണ്ടായിരുന്നു.അവർ നല്ല കൂട്ടുകാരായിരുന്നു.ഒരു ദിവസം രണ്ടു പേരും കളിക്കാനിറങ്ങി.അപ്പോൾ വലിയ ഒരു പുഴ കണ്ടു. ”ഹായ്!നല്ല പുഴ;നമുക്ക് ഇതിൽ കളിക്കാം ”.മിക്കു തവള പറഞ്ഞു.”അയ്യോ!വേണ്ട നല്ല ഒഴുക്കുണ്ട്”.കുക്കു പറഞ്ഞു.അതു കേൾക്കാതെ മിക്കു വെള്ളത്തിലേക്ക് ഒറ്റച്ചാട്ടം.പക്ഷേ വെള്ളത്തിന്റെ ഒഴുക്കിൽപ്പെട്ട് തവള കരഞ്ഞു.ആ സമയം കുക്കു താറാവ് വെള്ളത്തിലേക്ക് ചാടി ഇറങ്ങി .മിക്കു തവളയെ തന്റെ തോളിൽ കയറ്റി കരയ്ക്ക് എത്തിച്ചു. അപ്പോളാണ് തവളയ്ക്ക് താൻ ചെയ്ത മണ്ടത്തരം മനസ്സിലായത്. കുക്കുവിനോട് മിക്കു നന്ദി പറഞ്ഞു.

ഗുണപാഠം എടുത്ത് ചാട്ടം നല്ലതല്ല.

-ശ്രീശിവാൻഷ്
ഒന്നാം തരം



# അനാഥത്വം



**എങ്ങോ മറഞ്ഞൊരു ഓർമ്മകൾ
അവളെ തൊട്ടുണർത്തി,
പാതി മങ്ങിയ ശബ്ദത്തിൽ
അവളുടെ കാതിൽ പിറുപിറുത്തു
സ്വപ്നം കാണണം മകളേ,
നീ വാനോളം...വിണ്ണോളം...
മൺമറഞ്ഞൊരാ ഓർമ്മകൾ അവളെ
നൊമ്പരത്തിലാഴ്ത്തി...
അവളുടെ അന്നത്തിലന്ന്
ഉപ്പുവീണു...അത്യധികമായി...
ആദിരാവിന്റെ അനാഥത്വത്തിൽ
അവൾ വേർപാടിൻ വേദന
ഉരുകിത്തീർത്തു,ഒരു സ്വപ്നം പോലെ...
ഇരുൾ നീലിമയിൽ തെണ്ടി-
പ്പട്ടിയോരിയിടലിൽ അവൾ ആഗ്രഹിച്ചു
'എല്ലാം ഒരു സ്വപ്നമായിരുന്നുവെങ്കിൽ'...**




വരച്ചത്-സുകൃത ടി(IX-A)

അഷിൻനാഥ്(IX-A)

ദേവനന്ദൻ(IX-A)

# ഗ്രാമവാസികളുടെ ബുദ്ധി

വഴിയോരങ്ങളിൽ ഐസ്ക്രീമും പഴങ്ങളും വില്പന നടത്തുന്നവനാണ് രാമു.അയാൾ ഓരോ ദിവസവും ഓരോ ഗ്രാമത്തിന്റെ വഴിയോരത്താണു കച്ചവടം നടത്തുന്നത്.എങ്കിലും വളരെ സമ്പന്നമായ ഒരു ജീവിതമാണ് രാമുവിന്റെത്.മറ്റുള്ളവർ പണംകൊണ്ടുള്ള ആവശ്യങ്ങൾ ചോദിച്ചു വന്നാൽ രാമു കൊടുക്കില്ല .ഒരു ദിവസം ഗ്രാമക്കാർ ഒരു ഗൂഢാലോചന നടത്തി. രാമുവിന്റെ അഹങ്കാരവും പണത്തോടുള്ള ആർത്തിയും ഇല്ലാതാക്കാൻ.

ഒരു ദിവസം രാമു തന്റെ ഗ്രാമത്തിലൂടെ ഐസ്ക്രീം വണ്ടിയുമായി പോകുമ്പോൾ ആരും ഐസ്ക്രീം വാങ്ങിയില്ല.രാമുവിന് ആകെ വിഷമമായി .രാമു വീട്ടിലേക്ക് പോയപ്പോൾ ഭാര്യ ഐസ്ക്രീം ആക്കുവാൻ തയ്യാറാക്കിയ സാധനം ഭാര്യയുടെ ദേഹത്ത് മറിഞ്ഞു.രാമുവിന്റെ കൈയിൽ പണമുണ്ടായിരുന്നില്ല. രാമു ആൾക്കാരെ വിളിച്ചു.ആൾക്കാർ എന്താണു പറ്റിയത് എന്നു ചോദിച്ചു.ഭാര്യയുടെ ദേഹം പൊള്ളി എന്നു പറഞ്ഞുകൊണ്ട് രാമു കരഞ്ഞു യാചിച്ചു."എന്റെ ഭാര്യയെ ആശുപത്രിയിൽ കൊണ്ടുപോകാൻ പണം തരണം ".ആൾക്കാർ കുറച്ചുനേരം മിണ്ടിയില്ല" ഒരാൾ പറഞ്ഞു.നീ നമ്മുടെ ആവശ്യത്തിന് പണം തരാറില്ലല്ലോ ഒരു ജീവൻ നിലനിർത്തുന്ന കാര്യമായതുകൊണ്ട് നമ്മൾ പണം തരാം.ഭാര്യയെ ആശുപത്രിയിൽ കൊണ്ടുപോയി. പിന്നീട് ഏത് ആൾക്കാർ വന്നാലും രാമു പണം കൊടുക്കും.

ഗുണപാഠം = അത്യാഗ്രഹം ആപത്ത്.

-ശിവാനി

Std VI A

# നിഴൽ

നിഴലേ... നീ ഇല്ലായിരുന്നെങ്കിൽ
ഞാനിന്നീ വിണ്ണിലേകയായ് മാഞ്ഞിടേനേ...
ഓർമ്മകൾ എന്നെ പുണരുന്നു വല്ലാതെ
നിന്നിലലിയാൻ കൊതിക്കുന്നു ഞാൻ
അമ്മയായി അച്ഛനായി അനിയനായി
തീർന്നു നീ കഠിനമാം ജീവിത പാതകളിൽ
ബാല്യകാലത്തിൻ കുസൃതി തരങ്ങളിൽ
കൂട്ടായി നിന്നു നീ ചങ്ങാതിയായി
കൗമാരകാലത്തിലാദ്യമായന്നു നീ
ജീവിത പാഠങ്ങൾ പകർന്നു തന്നു.
ഇരുൾ തൂകും ഇടവഴിയാകും ചേതസ്സിലായി
അറിവിന്റെ വെട്ടം പകർന്നു നീയേ
മുറിവേറ്റ ശലഭമായ് ഞാൻ
വിണ്ണിലലയുമ്പോൾ
ഒരു തുള്ളി തേനായ് ഒഴുകി നീ നിഴലേ...
പല പല രജനികളിൽ നിദ്രയ്ക്കു കൂട്ടായി
സ്വപ്നങ്ങൾ നെയ്തു തന്നവൾ നീ...
നിഴലേ നീ ഇല്ലായിരുന്നെങ്കിൽ
ഞാനെന്നും ഏകയായ്
വിണ്ണിൽ വസിച്ചേനേ...

തീർഥ.കെ.രാജീവ്
ക്ലാസ് 10

# ചിതയിലെരിയുന്ന ജീവൻ

നീലിക്ക് ഇന്ന് സ്കൂൾ അവസാനദിവസമായിരുന്നു. ഇനി രണ്ടുമാസകാലത്തേക്ക് അവൾക്ക് സ്കൂളിൽ പോകേണ്ടതില്ല. എല്ലാവരെപ്പോലെയും അവൾക്ക് സന്തോഷമായിരുന്നു. എങ്കിലും മനസ്സിന്റെ അടിത്തട്ടിലെവിടെയോ പേടിയുടെ സ്വരങ്ങൾ അവളെ മാടി മാടി വിളിച്ച് കൊണ്ടേയിരിക്കുന്നു. മറ്റ് കുട്ടികൾ അമ്മ വീട്ടിലും ബന്ധുക്കളുടെ വീട്ടിലും പോയി നിൽക്കുന്നതും അവരുടെ അനുഭവങ്ങൾ പറയുമ്പോഴും നീലിക്കും കൊതിയാകാറുണ്ട്. പക്ഷേ ബന്ധുക്കൾ ആരെന്ന് പോലും അറിയാത്ത അവൾ എവിടെ പോയി നിൽക്കും? എന്ത് അനുഭവങ്ങൾ പറയും? അന്നും പതിവുപോലെ അവൾ നാലുമണിയാകുമ്പോഴത്തേക്ക് വീട്ടിൽ എത്തി. പറവകളുടെ ചിറകടി ശബ്ദവും കാട്ടുമൈനകളുടെ ശബ്ദവും ചീവിടുകളുടെ കലപില ശബ്ദവും ആ പത്ത് വയസ്സുകാരിയെ എന്തെന്നില്ലാത്ത ഒരു ആഹ്ലാദതിമർപ്പിൽ കൊണ്ടെത്തിച്ചു. വീട്ടു പടിക്കൽ അവൾ എത്തി. അവൾ ഓമനത്തത്തോടെ വളർത്തി വരുന്ന റോസചെടിയുടെ അടിവശത്തു നിന്ന് താക്കോലെടുത്ത് വാതിൽ തുറന്നു. ബാഗും പുസ്തകളും കിടക്കമേൽ വലിച്ചെറിഞ്ഞു. സ്കൂൾ യൂണിഫോം പോലും മാറ്റാതെ അവൾ ടി.വി കാണാൻ ഇരുന്നു. പെട്ടെന്ന് അവൾ ഒരു ശബ്ദം കേട്ടു. ആരോ വാതിൽ വന്ന് മുട്ടുകമാണ്. ആരാണത്? അവൾ ആലോചിച്ചു. ഇനി അയാൾ ആയിരിക്കുമോ? അവളുടെ മനസ്സിൽ ഭീതി പടർന്നു. വേണ്ടെന്ന ഭാവത്തിൽ അവൾ ഇരിക്കവേ വീണ്ടും വാതിൽ മുട്ട് അവൾ കേട്ടു. കണ്ണിൽ ഭയത്തിന്റെ ഭീതിയുമായി ആ ബാലിക വാതിലിനടുത്തേക്ക് നീങ്ങി. പേടിയോടെ അവളുടെ വിരലുകൾ ആ പൂട്ടിനടുത്തേക്ക് നീങ്ങി. അവൾ വാതിൽ തുറന്നു. മുമ്പിൽ ആരാണ് എന്ന് നോക്കാൻ അവൾക്ക് മടിയായിരുന്നു. എങ്കിലും ആ കണ്ണുകളുടെ പോളകൾ തുറന്നു. മുന്നിൽ അവളുടെ അമ്മയാണ് . ഭീതി പടർപ്പുകൾ നിറഞ്ഞ അവളുടെ കണ്ണിൽ സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും മഞ്ഞുപടലങ്ങൾ മൂടി. അവൾ അമ്മയെ സ്നേഹത്തോടെ കെട്ടിപ്പിടിച്ചു.

"മാറി നിൽക്ക് നീലി...അമ്മ പണി കഴിഞ്ഞ് വന്നിട്ടല്ലേ ഇല്ലൂ, ദേഹത്ത് തെച്ചും അഴുക്ക് ആയിരിക്കും. നിന്റെ കുപ്പായത്തിൽ നീ അത് ആകണ്ട" അമ്മയുടെ വാക്കുകൾ അവൾ ഓമനത്തത്തോടെ നിരസിച്ചു.

"അമ്മാ ഇന്നില്ലേ സ്കൂളിൽ ഏതോ ടീച്ചർമാർ വന്നിരുന്നു."

"ആരാത്?"

"എനിക്കറിയാമ്മേല, അവർ എന്തൊക്കെയോ പറീന്നിണ്ടായിന്"

"നീ പിന്നെ ഒന്നും കേക്കലില്ലല്ലാ, ല്ലോ?"

"ഓാ.... പിന്നെ അത് കേക്കാനല്ലേ എനക്കിപ്പം സമയം, എനക്ക് പയ്ക്ക്ന്നമ്മേ, എന്തെങ്കിലും തിന്നാൻ താ"

"വന്നിറ്റ് നിനിക്കാ യൂണിഫോമെങ്കിലും മാറ്റിക്കൂടെ? എപ്പും ആ ടിവിക്ക് മുന്നിലന്നേ, ഒന്നും പറഞ്ഞാൽ കേക്കില്ല. നീ ഇനി യൂണിഫോം മാറ്റിയാല്ലേ ഞാൻ നിനക്ക് തിന്നാൻ എന്തെങ്കിലും തരൂ"

"ഓാ... ഈ അമ്മേനെ കൊണ്ട്"

മനസ്സിൽ സ്നേഹത്തോടെ ഉള്ള പിറുപിറുക്കലോടെ അവൾ റൂമിനടുത്തേക്ക് നടന്നു നീങ്ങി.

"രമേ..."

"പുറത്തുനിന്ന് ആരോ വിളിക്കണല്ലോ" അമ്മ അടുക്കളതിട്ടയിൽ സഞ്ചിയും

സാമാനങ്ങളും വച്ച് പുറത്തേക്ക് ഇറങ്ങി.

"ആരാത്, ശ്യാമളേച്ചിയോ, എന്താപ്പം വിശേഷിച്ച്?"

"ഒന്നൂല്ലപ്പാ, അതിപ്പം എങ്ങനാ പറയാ?"

"ഏച്ചി പറയ്പ്പാ, നമ്മളോടല്ലാണ്ട് ഇങ്ങ ഇപ്പം ആരോടാ പറയ്ല്?"

"ഇണ്ടാവൂല്ലാനറിയാം എന്നാലും ചോയിക്കാ ഒരു ആയിരം രൂപ കടായിട്ട് ഇണ്ടാവോ?"

"അതാണോ കാര്യം ഇതിനാണേൽ ചേച്ചിക്ക് ഫോണാറ്റം വിളിച്ചാപോരെ, ഞാൻ നീലിന്റെ കൈവശം കൊടുത്തയക്കട്ടീലേ,"

അമ്മ അകത്തേക്ക് നടന്നു കയറി. അരിപാത്രത്തിന്റെ മൂടി അഴിച്ചു വച്ചു. കൈയിട്ട് തിരഞ്ഞ് നോക്കി. ഒരു രണ്ടായിരം രൂപ അതിൽ ഉണ്ടായിരുന്നു. അതിൽ നിന്ന് പണം എടുത്ത് അമ്മ അവർക്ക് നൽകി.

"അമ്മേ, ആരാവന്നത്?" നീലിയുടെ ചോദ്യം.

"അത് അപ്പറത്തെ ശ്യാമളവെല്ലുമ്മയാ കൊറച്ച് പൈസ വാങ്ങാൻ വന്നതാ"

"നീ ഇരിക്ക് ഞാൻ ഇപ്പം എന്തെങ്കിലും ആക്കികൊണ്ടുതരാം"

അവൾ വീണ്ടും ടി.വി.മുമ്പിൽ ഇരിപ്പുറച്ചു. അമ്മ അടുക്കളയിലേക്കും നീങ്ങി. പെട്ടെന്ന് പുറത്ത് ആരുടെയോ ചെരുപ്പിന്റെ കാലടി ശബ്ദങ്ങൾ ഉയർന്നു. അവ അടുക്കുന്തോറും ശബ്ദമാർജിച്ചു വന്നു. അയാൾ പടിവാതിൽക്കൽ ചെരുപ്പഴിച്ച് തിണ്ണമേൽ ഇരുന്നു.

"രമയേ......."

അയാൾ ആർത്ത് വിളിച്ചു.

അമ്മ അയാളുടെ വിളികേട്ട് താൻ ഒന്നും കേട്ടിട്ടില്ല എന്ന മട്ടിലിരുന്നു.

"എടീ നിന്റെ വായിലെന്താ അമ്പഴങ്ങയാ? വിളിച്ചാൽ മിണ്ടിക്കൂടെ, എനിക്കിത്തിരി വെള്ളം നോക്കട്ട് കുടിക്കാൻ"

"മോളേ നീലി, അച്ഛന് കൊറച്ച് വെള്ളം എടുത്ത് കൊടുത്തേ"

അവൾ അടുക്കളയിലേക്ക് നീങ്ങി. ഒരു ഗ്ലാസിൽ ഇത്തിരി ചൂടുവെള്ളവുമായി അവൾ അയാളുടെ അടുത്തേക്ക് നീങ്ങി. അവളുടെ കൈകാലുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. എതിരൊന്നും പറയാൻ അവൾക്ക് സാധിക്കുന്നില്ലായിരുന്നു. കണ്ണിൽ പേടിയുടെ അന്ധത അവളെ വല്ലാതെ അലട്ടി. അവൾ ഉമ്മറത്തെത്തി. ചാരുകസേരയിൽ ബീഡി വലിച്ചിരിക്കുന്ന അയാൾക്ക് നേരെ അവൾ നടന്നു. അയാളുടെ നോട്ടത്തിൽ അവൾ വല്ലാതെ പരുങ്ങിപ്പോയി. അവൾ ആ ഗ്ലാസ് അയാൾക്ക് നേരെ നീട്ടി. അയാൾ അത് വാങ്ങുമ്പോൾ അവളുടെ മനസ്സ് ആഞ്ഞടിക്കുകയായിരുന്നു.

"നീലിയേ" അടുക്കളയിൽ നിന്ന് അമ്മയുടെ വിളി ഉയർന്നു. അവൾ സ്വതന്ത്ര്യം കിട്ടിയെന്ന പോലെ അടുക്കളയിലേക്ക് ഓടി.

"നിനിക്ക് ഒന്നും ഇപ്പം തിന്നാൻ വേണ്ടേ?"

അവൾ ഒന്നും മിണ്ടിയില്ല. അവൾ പാത്രവുമായി അമ്മക്കരികിലെത്തി. അമ്മ ഭക്ഷണം വിളമ്പികൊടുത്തു. അവൾ അത് വാങ്ങി കഴിക്കാൻ തുടങ്ങി. പെട്ടെന്ന് ഭീകരത നിറഞ്ഞ അയാളുടെ സാന്നിദ്ധ്യം നീലി മനസ്സിലാക്കി. അവൾ പെട്ടെന്ന് എന്തൊക്കെയോ ആലോചിച്ച് ഭക്ഷണം മുഴുവനായി കഴിക്കാതെ അവിടെ വെച്ച് പോയി.

അമ്മ എന്തൊക്കെയോ പിറുപിറുക്കുകയായിരുന്നു. അവൾ അതൊന്നും കാര്യമാക്കാതെ റൂമിലേക്ക് നടന്നുപോയി. അവളുടെ മനസ്സിൽ ഭീതി

പടർന്നുകൊണ്ടേയിരുന്നു. അവൾ അയാളുടെ പ്രവൃത്തികളെ കുറിച്ച് ആലോചിക്കാൻ തുടങ്ങി.

"ഇനിയും അയാളതു ചെയ്യോ?"

"അമ്മയോട് പറഞ്ഞാലോ? വേണ്ട അയാൾ എന്നെ ആദ്യേ ഉപദ്രവിക്കും." അമ്മയുടെ ശബ്ദം ഉയർന്നു.

"അതേ ഞാൻ കുടുംബശ്രീക്ക് പോയിറ്റ് വരാം,നിങ്ങ ഈട നിന്നോ,മോള് ഒറ്റക്കല്ലേ."

"ആ"

ആ സംഭാക്ഷണങ്ങൾ അവളുടെ മനസ്സിൽ വീണ്ടും നീറ്റൽ ഉണ്ടാക്കി.അവൾ ആ മുറിയിൽ അനങ്ങാതെ ഇരുന്നു.പെട്ടെന്ന് ഒരു ഭീമാകാരമായ രൂപം അവൾക്ക് മുന്നിൽ ആ വാതിൽ പടിയിൽനിന്നു.ആ രൂപം അവൾക്കു നേരെ നീങ്ങി.അവൾ പിന്നിലോട്ടായി നീങ്ങി.അവളുടെ നേരെ ആ ആൾരൂപം കാമമനസ്സോടെ അടുത്തുവന്നുകൊണ്ടേയിരുന്നു.തന്റെ മകളാണെന്ന ചിന്തയോ താൻ അവളുടെ അച്ഛനാണെന്ന ചിന്തയോ അയാളുടെ ക്രൂരമനസ്സിന് വഴിപ്പെട്ടില്ല.അവൾ ആ കണ്ണുകൾ അടച്ചു.നീചനായ അയാളുടെ കൈകൾ അവളുടെ ദേഹത്ത് ഉരസികൊണ്ടേയിരുന്നു.അയാൾ മറ്റേതോ ലോകത്ത് ആഹ്ലാദിക്കാൻ തുടങ്ങി.അവൾ എന്നെന്നേക്കുമായി ആ കണ്ണുകൾ അടച്ചു.

"മോളേ...നീലി" അമ്മയുടെ സ്വരങ്ങൾ ആ നീചന്റെ കാതുകളിൽ പതിഞ്ഞു.അയാൾ ആ മുറിയുടെ പുറത്തേക്ക് വന്നു. അമ്മയുടെ മുഖത്ത് പേടിയുടെ മൂകത നിറഞ്ഞു.അമ്മ കൈയിലുണ്ടായിരുന്ന സഞ്ചി തറയിലിട്ട് മുറിയിലേക്ക് ഓടി. അവിടെ ആ അമ്മ തന്റെ മകളുടെ ചേതനയറ്റ ശരീരം കണ്ടു. അവളുടെ നഗ്നമായ ദേഹത്ത് ആ അമ്മയുടെ ചുടുകണ്ണീർ പതിഞ്ഞു.സൗമ്യരൂപിയായ അമ്മ കോപശ്രീയാവാൻ അധികസമയമൊന്നും എടുത്തില്ല.സംഹാരതാണ്ഡവമാടാനായി ആ അമ്മ അയാളുടെ നെഞ്ചിലേക്ക് ആഞ്ഞമർന്നു.കൈയിൽ കിട്ടിയ കൊടുവാൾ അയാളുടെ നെഞ്ചിൽ അമർത്തി.അയാളുടെ ചോരത്തുള്ളിയിൽ അവൾ തന്റെ വേദനയുടെ തീ തണുപ്പിച്ചു. തന്റെ മകളുടെ മരണവേദനയിലോ തന്റെ ഭർത്താവിനെ കൊന്നു എന്ന വേദനയിലാണോ അവൾ കരഞ്ഞു.അവളുടെ മനസ്സിലെ കാർമേഘങ്ങൾ ആറി തണുക്കുന്നതുവരെ.തന്റെ നീചനായ ഭർത്താവിനെ കൊന്നതിലുള്ള ആശ്വാസം അവളുടെ മനസ്സിൽ അലയലച്ചു.അവൾ ഒരു പ്രതീക്ഷയാണ്.അവളുടെ മകൾ ഒരു രക്തസാക്ഷിയും കാമത്തിന്റെ തീയിലകപ്പെട്ട രക്തസാക്ഷി-"നീലി"

-അതുല്യ അനീഷ്

ക്ലാസ് 10

# പ്രിയപ്പെട്ടവൾ.....

ഏകാന്ത നിമിഷങ്ങളിൽ
താങ്ങായി തണലായ്....
നൊമ്പരത്താളുകളെ പതിയെ
നീരാൽ നനച്ച്....
ക്രോധച്ചരടിനെ മൂർച്ച-
വാളാൽ മുറിച്ച്
പ്രതിസന്ധിയെ നേരിടാൻ
കരുത്തായി കൂടെ അവൾ.
ഗുരുക്കൾ മൂർച്ചയേറിയ
വാക്കാൽ വേദനിപ്പിക്കുമ്പോഴും
കൂടെ സമാശ്വാസം നൽകി അവൾ
അവൾ എന്നെ ശീതക്കാറ്റായി
തഴുകി കുളിർമ നൽകി
കൂട്ടുകാരുടെ മൂർച്ചയമ്പുകൾ
തുളച്ചു കയറുമ്പോഴും
കൂടെയുണ്ടായിരുന്ന അവൾ
സമാശ്വാസത്തിന്റെ നീലക്കടലായി
എന്നുമെപ്പോഴും എന്നെ കരകാണാതെ
ഒഴുകി അലയിക്കുന്ന അവൾ
നിൻ സാന്ത്വനച്ചൂടിൽ
ഞാൻ പുഞ്ചിരിയോട് മല്ലിടുന്നു
എപ്പോഴും എന്നെ സാന്ത്വനിപ്പിക്കുന്ന
നിൻ നൊമ്പരസ്വരം ഞാനറിഞ്ഞതേയില്ല.
എനിക്ക് താങ്ങായി കൂടെ നിൽക്കുമ്പോഴും
ഞാനറിഞ്ഞതേയില്ല അവളുടെ ഉള്ളിലെ -നീറ്റൽ
നിൻ സാന്ത്വനത്തിൽ ഞാൻ അലിഞ്ഞു-
ചേർന്ന് സാഗരമായി മാറി
എന്നുമെപ്പോഴും നീ എന്റെ കൂടെ
ഉണ്ടായിരുന്നെങ്കിൽ....ഞാൻ ആശിക്കുന്നു-
നിന്റെ രക്ഷാകവചം എന്നെ
തളർത്താതെ മുറുകെ പിടിക്കുന്നു.
ജീവിതക്കടലിൽ നീരിനൊപ്പം
അലിഞ്ഞു ചേർക്കേണ്ട ഒന്നാണവൾ
എന്തിൽ നിന്നും മറികടക്കാൻ
അവൾ എന്നെ പ്രേരിപ്പിക്കുന്നു.
അവൾ അലയടിക്കുന്ന തിരയായി
മനസ്സിൻ താളുകളിൽ ഞാൻ
മുറുകെ പിടിക്കും
എന്റെ പ്രിയപ്പെട്ടവൾ.....
എൻ പ്രിയകൂട്ടുകാരി......
ഇതിനെല്ലാമൊരുത്തരം...
മൗനം......




അർച്ചന. ടി.പി ക്ലാസ് 10

# ഡയറി

18.1.2024

ഞെക്ലി സ്കൂളിൽ ഇന്ന് സർഗ്ഗോൽസവം പരിപാടി ഉണ്ടായിരുന്നു.കടങ്കഥയിൽ പങ്കെടുക്കാൻ ഞാനും ദേവദീയയുമായിരുന്നു പോയത്.ഞങ്ങളുടെ കൂടെ രജനി ടീച്ചറും നീതു ടീച്ചറുമായിരുന്നു വന്നത്.പോകുമ്പോൾ കുറെ കാഴ്ചകൾ കണ്ടു,വലിയ തെങ്ങുകളുമൊക്കെ ഉണ്ടായിരുന്നു.നല്ല പ്രകൃതിരമണീയമായ സ്ഥലമായിരുന്നു.അങ്ങനെ ഞങ്ങൾ ഞെക്ലി സ്കൂളിലെത്തി.അവിടെ നിന്ന് രാവിലെ ഉപ്പുമാവും കടലക്കറിയുമായിരുന്നു ഉണ്ടായത്.നല്ല രുചിയുണ്ടായിരുന്നു.അവിടെ തോരണങ്ങൾ അലങ്കരിച്ചിട്ടുണ്ടായിരുന്നു.നല്ല സ്കൂളായിരുന്നു.എനിക്ക് ഇഷ്ടപ്പെട്ടു.

Anmaya T
Std II

## ചിണ്ടൻ മുയൽ



ചെമ്പൻ കാട്ടിനുള്ളിൽ ചെറിയൊരു
ഗുഹയിൽ ആയിരുന്നു ചിണ്ടൻ മുയൽ
താമസിച്ചിരുന്നത്. കാട്ടിലെ കാഴ്ചകൾകാണാനും
കാട്ടിൽ കുടെ കുടെ നടക്കാനും അവന് വലിയ
ഇഷടമായിരുന്നു.
പതിവുപോലെ അമ്മ മുയൽ ഇര തെടാൻ
പോകുബോൾചിണ്ടനെ ഓർമ്മപെടുത്തി ചിണ്ടൻ
അമ്മ തിരിച്ചു വരുന്നതുവരെ പുറത്തൊന്നും
പോകരുത് .അമ്മ പേയ തക്കം നോക്കി ചിണ്ടൻ
പുറത്തെക്കിറങ്ങി കളിക്കാൻ
തുടങ്ങി .പെട്ടെന്ന് കാട്ടിൽ ഓളിച്ചിരുന്ന ചെന്നായ ചിണ്ടന് നേരേ
ചാടി വന്നതും ചിണ്ടൻ ഓടി ഗുഹയിൽ ഒളിച്ചു അപ്പോഴാണ്
അമ്മ പറഞ്ഞത് കേട്ടിലെങ്കിൽ ആപത്താണ് എന്ന് ഓർത്തോളൂ.........

ആരാധ്യ.കെ.വി
ഒന്നാം തരം

## എരിയുന്ന മനം

മഴ കോരിച്ചൊരിയുകയായിരുന്നു.ഉമ്മറത്തിണ്ണയിലിരുന്ന് മഴയ്ക്കുകൂട്ടായി വിതുമ്പുകയാണ് മിഥുന. അവളുടെ കണ്ണിൽനിന്നും ഉതിരുന്ന കണ്ണുനീർ മഴവെള്ളത്തിൽ വീണലിയുന്നു.എത്രയെത്ര വേദനകൾ സഹിച്ചും ത്യാഗിച്ചുമാണ് അവൾ ഇതിനുവേണ്ടി പരിശ്രമിച്ചത്. എന്നാൽ അതൊക്കെ ഒരു നിമിഷംകൊണ്ട് ഇല്ലാതായിരിക്കുന്നു.ദാരിദ്ര്യത്തിന്റെ അതിർ വരമ്പുകളിൽ നിന്ന് തന്റെ വേദനകളെ ഉള്ളിലൊതുക്കിക്കൊണ്ട് അവളുടെ സ്വപ്നങ്ങൾക്കായ് അവൾ പരിശ്രമിച്ചു. ദാരിദ്ര്യത്തിന്റെ നെറുകൈയിലിരിക്കുമ്പോഴും കഷ്ടപ്പാടിന്റെ അങ്ങേയറ്റങ്ങളിൽ നിന്ന് പൊരുതിക്കയറാൻ ശ്രമിക്കുമ്പോഴും അവൾ വിദ്യാഭ്യാസത്തെ ഏറെ സ്നേഹിച്ചിരുന്നു.കുഞ്ഞുനാൾമുതൽക്കു തന്നെ അവൾ നിത്യേന സ്കൂളിൽ പോകുന്ന ഒരു വിദ്യാർത്ഥിയായിരുന്നു.ഓരോ പരീക്ഷകളിലും ഉയർന്നമാർക്കുവാങ്ങി അധ്യാപകരുടെ കണ്ണിലുണ്ണിയായി അവൾ.നട്ടെല്ലിനു വയ്യാതെ കിടപ്പിലായ അച്ഛനും വൃദ്ധയായ അമ്മൂമ്മയും അമ്മയും ചേർന്നതായിരുന്നു അവളുടെ കുടുംബം.അച്ഛന് വയ്യാത്തതുകാരണം അടുത്തവീടുകളിൽ ചില സഹായങ്ങൾ ചെയ്തുകൊടുത്തായിരുന്നു അമ്മ ആ കുടുംബത്തെ മുന്നോട്ടു നയിച്ചത്.ഒരുപാട് ആഗ്രഹങ്ങൾ ഉണ്ടായിരുന്നു അവൾക്ക് പക്ഷെ അതൊന്നും നിറവേറ്റാനുള്ള ശേഷി ആ കുടുംബത്തിന് ഇല്ലായിരുന്നു. എല്ലാ ആഗ്രഹങ്ങളും ഉള്ളിൽ ഒതുക്കികൊണ്ട് എന്നെങ്കിലും ഒരിക്കൽ തന്റെ ആഗ്രഹങ്ങൾ നിറവേറുമെന്ന ദൃഢനിശ്ചയത്തിൽ തന്റെ സ്വപ്നങ്ങൾ മുറുകേ പിടിച്ചുകൊണ്ട് എന്ത് തന്നെ വന്നാലും താനത് നേടിയെടുക്കുമെന്ന പ്രതിജ്ഞയോടെ അവൾ അവളുടെ കഷ്ടപ്പാടുകളെ തരണം ചെയ്തു. ഓരോ ക്ലാസിലും മികച്ച മാർക്കുകളോടെ അവൾ ജയിച്ചു. അവളുടെ അച്ഛനും അമ്മയ്ക്കും അവളെക്കുറിച്ച് വളരെ പ്രതീക്ഷയായിരുന്നു. ഉപരിപഠനത്തിനായി വലിയ വലിയ കോളേജുകൾ തന്നെ അവൾ തേടിപ്പോയി. നല്ലൊരു

കോളേജിൽ അവൾ ചേർന്നു. വീട്ടിൽ നിന്നും ദൂരെ ആയതിനാൽ അവൾ ഹോസ്റ്റലുകളിൽ താമസിക്കാൻ നിർബന്ധിതയായി. അവളുടെ സഹവാസികളായി ഉണ്ടായിരുന്നത് ധനികരുടെ മകളായിരുന്നു. അവളോടൊപ്പം ജീവിക്കാൻ അവൾ ഏറെ പണിപ്പെട്ടു. അവളുടെ ഹോസ്റ്റലിലെ മൂന്നാം നിലയിൽ താമസിച്ചവരെല്ലാം മയക്കമരുന്നിന്റെ അടിമകൾ കൂടിയായിരുന്നു. നല്ല രീതിൽ പഠിച്ചു കൊണ്ടിരുന്ന അവളെ ഇവർ തങ്ങളുടെ പ്രവർത്തികൾ കൊണ്ട് ഏറെ ബുദ്ധിമുട്ടിപ്പിച്ചു. അവളേയും മയക്കമരുന്നിന്റെ കുരുക്കിലേക്ക് വലിച്ചിഴയ്ക്കാൻ അവർ ശ്രമിച്ചു. അവരുടെ പ്രലോഭനങ്ങൾക്കൊന്നും വഴിപ്പെടാതെ അവൾ ഏകാന്തതയുടെ അതിർ വരമ്പുകളിൽ ജീവിച്ചു. തങ്ങളുടെ കാര്യങ്ങൾ പരസ്യമാക്കുമോ എന്ന ചിന്ത അവളുടെ കൂടെ ഉള്ളവരെ എപ്പോഴും അലട്ടി കൊണ്ടിരുന്നു. ഒടുവിൽ ഒരു രാത്രിൽ അവളുടെ ശരീരത്തിൽ അവർ മയക്കമരുന്ന് സൂചിപ്രയോഗത്താൽ അടിച്ചേൽപ്പിക്കുന്നു. അവരുടെ ശല്യം സഹിക്കവയ്യാതെ അവൾ ആ ഹോസ്റ്റലിൽ നിന്നും വേറെ ഒരു മുത്തശ്ശിയുടെ കൂടെ ഒരു ചെറിയ വീട്ടിൽ താമസിച്ചു. അവിടെ നിന്നും അവളുടെ സ്വപ്നങ്ങൾക്കായി അവൾ കഠിനമായി പരിശ്രമിച്ചു. വളരെ ഉയർന്ന മാർക്കുകളോടെ അവൾ ഉപരിപഠനവും പൂർത്തിയാക്കി. തന്റെ ഏറെ നാളെത്തെ സ്വപ്നമായ ഡോക്ടർ എന്ന സ്വപ്നം അന്ന് അവൾ സാക്ഷാത്കരിക്കുന്നു. തന്റെ എല്ലാ കഷ്ടപാടുകൾക്കും പരിഹാരമാവുകയും തന്റെ കുടുംബത്തിന്റെ എല്ലാ കഷ്ടപ്പാടുകൾക്കും പരിഹാരമായിരിക്കുന്ന എന്നൊക്കെ ഓർത്ത് അവൾ സ്വന്തം വീട്ടിലേക്ക് തിരിച്ച് പോകുന്നു. ഗർജനഘോഷങ്ങളോടുകൂടിയ കോരിച്ചൊരിയുന്ന മഴയായിരുന്നു അന്നും. ഒരു സൂചന പോലും കുടുംബാംഗങ്ങൾക്ക് നൽകാതെയാണ് അവൾ വീട്ടിലേക്ക് മടങ്ങുന്നത്. തന്റെ കുടുംബത്തിന്റെ വരാൻ പോകുന്ന സന്തോഷം, അഭിമാനം ഒക്കെയും അവൾ യാത്രവേളയിൽ മുന്നിൽ കണ്ടു. പോലീസുകാരുടെ ജീപ്പിന്റെയും നിരവധി ആംബുലൻസിന്റെയും

ശബ്ദം അവളുടെ നാട്ടിൽ ഉടനീളം അവൾ മുഴങ്ങികേട്ടു. തന്റെ വീടിന്റെ പരിസരങ്ങളിലേക്ക് പോകാൻ വാഹനങ്ങൾക്ക് ഒരു വഴിയും തന്നെ ഉണ്ടായിരുന്നില്ല. തന്റെ സ്വപ്നം സാക്ഷാത്കരിച്ചതിന്റെ അഭിമാനത്തിൽ അവൾ വീടിന്റെ പരിസരത്തേക്ക് നീങ്ങിയപ്പോൾ മഴ അവളുടെ വീടിനേയും കുടുംബത്തെയും എടുത്ത് കഴിഞ്ഞിരുന്നു. എന്ത് ചെയ്യണമെന്ന് നിശ്ചയമില്ലാത്ത അവൾ തന്റെ പൊട്ടിപ്പൊളിഞ്ഞ വീടിനെ നോക്കി പൊട്ടിക്കരഞ്ഞു. തന്റെ എല്ലാ സ്വപ്നങ്ങളും ഒരു നിമിഷം കൊണ്ട് അവസാനിച്ചിരിക്കുന്നു. കോരിച്ചൊരിയുന്ന മഴയിൽ ഇടറുന്ന ശബ്ദവുമായി അവൾ ഉറക്കെ വിളിച്ച് പറഞ്ഞു. അമ്മേ ഞാനിതാ ഒരു ഡോക്ടർ ആയി.

-അനുഗ്രഹ.എം
ക്ലാസ്-10

# തെയ്യം

വടക്കേ മലബാറുകാരുടെ രക്തത്തിലലിഞ്ഞുചേർന്ന ഒരു വികാരം തന്നെയാണ് തെയ്യം എന്ന് നമുക്ക് നിസ്സംശയം പറയാം.തോറ്റം പാട്ടും ചിലമ്പൊലിയും ചെണ്ടക്കൂറ്റും ഓരോ വടക്കന്റെയും കർണ്ണത്തിന് കുളിർമയേരകുന്നതാണ്.

തുലാപ്പത്ത് കഴിഞ്ഞാൽ പിന്നെ ഗ്രാമം  ചെണ്ടക്കൂറ്റിനും തോറ്റംപാട്ടിനുമായ് കാതോർക്കും. ഓലചൂട്ടിന്റെ പ്രഭയിൽ മകരമാസത്തണുപ്പിനെ കീറിമുറിച്ചുകൊണ്ട് തെയ്യങ്ങൾ അരങ്ങുതകർക്കും.

മണക്കാടൻ ഗുരുക്കൾ ഒരുദിനരാത്രംകൊണ്ട്  തോറ്റിച്ചമച്ച ഒന്നുകുറെ നാൽപ്പത് തെയ്യങ്ങളാണ് മുഖ്യമായും തെയ്യപ്രപഞ്ചം അടക്കിവാഴുന്നത്. ഒരുതരത്തിൽ പറഞ്ഞാൽ മേലാളനോടുള്ള അടിയാളന്റെ പ്രതിഷേധമാണ് ഓരോ തെയ്യക്കോലവും.

”നീങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര
നാങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര”



എന്ന് പൊട്ടൻ തമ്പാച്ചിയും ചോദിക്കുന്നത് ആ പ്രതിഷേധചുവയോടെയാണ്.ബ്രാഹ്മണ പൂജയുള്ള അമ്പലങ്ങളിൽ അടിയാളന് പ്രവേശനം നിഷേധിച്ചപ്പോൾ അടിയാളന് പ്രകൃതിയിലെ സർവ്വചരാചരങ്ങളെയും ആരാധിക്കാൻ തുടങ്ങി. അവിടെ നിന്നാണ് ഓരോ തെയ്യത്തിന്റെയും ഉൽഭവം.വക്ഷാരാധന,ദൈവാരാധന,പ്രേതാരാധന,അമ്മദൈവാരാധന എന്നിങ്ങനെ.

“ആലയം കൂലകം നല്ലമ്പലം പിന്നെ കാവ്
കോട്ടമിടംമടം വാതിൽമാടം
വാട്ടറ്റമധിസ്ഥാനം വിടിന്നു കന്നിരാശി”

എന്നിങ്ങനെ പരശുരാമകൽപ്പിതങ്ങൾ തോറ്റം പാട്ടിൽ വർണ്ണിക്കുന്നുണ്ട്.

അറ്റമില്ലാ ആഴിപോലെ വിശാലമാണ് തെയ്യപ്രപഞ്ചം.പുരളിമല ഇറങ്ങിവന്ന മുത്തപ്പനിൽ തുടങ്ങി ഉച്ചയന്തിയറിയാതെ സഞ്ചരിക്കുന്ന കുളിയൻ തമ്പാച്ചി വരെ അടക്കിവാഴുന്നതാണ്. ഒരുവിളിക്ക് ഒൻപത് കൂറ്റുകാട്ടുന്ന തെയ്യങ്ങൾ വിളിച്ചാൽ വിളിപ്പുറത്താണ്.ആപത്നിവാരണത്തിനും ശത്രുദോഷത്തിനും ധനധാന്യ സമൃദ്ധിക്കുമെല്ലാം തെയ്യങ്ങൾ ആശ്രയസ്ഥാനങ്ങളാണ്.

പ്രധാനമായും മലയൻ,വണ്ണാൻ,അഞ്ഞൂറ്റാൻ,മുന്നൂറ്റാൻ, മാവിലൻ,കോപ്പാളൻ,ചിങ്കത്താൻ തുടങ്ങിയ വിഭാഗത്തിൽ പെട്ടവരാണ്.തെയ്യത്തിന്റെ മുഖത്തെഴുത്തിനായി മനയോല,

ചായില്യം,കരിമഷി തുടങ്ങിയവയാണ് ഉപയോഗിക്കാറ്. കൈത്തണ്ട,ഉടയാട,തലപ്പൂവ്,തലപ്പാളി,ചിലമ്പ്,അരയോട, കാണിമുണ്ട് എന്നിവ തെയ്യത്തിന്റെ വെച്ചുകെട്ടിൽ പ്രാധാന്യമർഹിക്കുന്നവയാണ്.മുടി,വട്ടമുടി,പീലിമുടി,പൂക്കട്ടിമുടി, നീളൻമുടി തുടങ്ങി അനേകം മുടികളുമുണ്ട്.അരയിൽ ചുറ്റാൻ കുരുത്തോല പ്രധാന ഘടകമാണ്.ഗുളികൻ,പൊട്ടൻ പോലുള്ള തെയ്യങ്ങൾക്ക് ഓല കൊണ്ടുള്ള അര ഒലിയും ഓലക്കാതും തലയൊലിയും ഉണ്ട്.ചെണ്ട,ചേങ്ങില,ഇലത്താളം,തകിൽ, ചീനക്കുഴൽ എന്നിവ വാദ്യസംഘത്തിൽ ഉൾപ്പെടുന്നു. തെയ്യപ്രപഞ്ചത്തിലെ ഏറ്റവും സൗന്ദര്യത്തികവാർന്ന ദേവതയാണ് ശ്രീ മുച്ചിലോട്ട് ഭഗവതി. നിത്യകന്യക, ഭുവനിമാതാവ്,തമ്പുരാട്ടി,അന്നപൂർണ്ണേശ്വരി,തൃലോക സുന്ദരി എന്നീ പേരുകളിലെല്ലാം അറിയപ്പെടുന്ന ഈ ദേവിയെ തോറ്റിച്ചമച്ചത് മണക്കാടൻ ഗുരുക്കൾ തന്നെയാണ്.ഉച്ചത്തോറ്റം, അന്തിത്തോറ്റം,അടിച്ചുതെളിത്തോറ്റം,ഗണപതിത്തോറ്റം, കൊടിയിലത്തോറ്റം ഇത്രയും തോറ്റങ്ങൾക്ക് ശേഷമാണ് തിരുമുടി നിവരൽ,നാല് ദിനരാത്രങ്ങളിലായ് നടക്കുന്ന പെരുങ്കളിയാട്ടത്തിലെ കൊടിയിലത്തോറ്റത്തിലൂടെയാണ് നന്ദാർ വിളക്കിലെ ആ തേജോരൂപം പെരുവണ്ണാനിലേക്ക് പ്രവേശിക്കുന്നത്.രൗദ്രഭാവത്തിൽ ഓടിവന്ന് കത്തിച്ചുപിടിച്ച കൊടിയില വാങ്ങുന്നതോടുകൂടി രൗദ്രം ശാന്തമാവുന്നു. കണ്ണുകളിലെ തീക്ഷ്ണഭാവം പൊടുന്നനെ ശാന്തമാവുന്നത് കാണാൻ കഴിയും.കത്തുന്ന കൊടിയില പെരുവണ്ണാന്,ഒരു വഴികാട്ടി എന്നപോലെ പള്ളിയറക്ക് മൂന്ന് വലം പൂർത്തികരിച്ച ശേഷം കുച്ചിലേക്ക് പ്രവേശിക്കുന്ന കോലാധാരി പിന്നീട് കൈലാസക്കല്ലിൽ സാക്ഷാൽ ജഗദംബികയായ ശ്രീ മുച്ചിലോട്ട് ഭഗവതിയായ് പ്രത്യക്ഷപ്പെടുന്നു.ഇരുകൈകളിലും പരാചരദീപികക്കോലുമായ് ഒരു പഞ്ചവർണ്ണക്കിളിയെ പോലെപാറിനടക്കും.ഒടുക്കം സൂര്യനും ചന്ദ്രനും ഇല്ലാത്ത സമയത്തിങ്കൽ തിരുമുടിയഴിക്കുന്നു.



"മനുഷ്യങ്ങളെ ഞാനെന്നിരിക്കുന്നാ...
പഞ്ചവർണ്ണക്കിളി ഇത്രയും നേരം
നിങ്ങളുടെ കൂടെ തത്തിക്കളിച്ചല്ലോ...
ഇനി ചിറകടുമടക്കി കൂടണയേണ്ട

സമയമായിരിക്കുന്നല്ലോ...
സ്വർണ്ണരഥത്തിലെന്നപോലെ
നിങ്ങളുടെ പടിഞ്ഞാറ്റവത്ത്
ഞാൻ മറഞ്ഞിരിക്കാം"

എന്നരുളിച്ചെയ്ത് പിരിയാതെപിരിയുന്നു.ഈ മൊഴി ഏത് കഠിനഹൃദയത്തിന്റെയും മിഴി നനയ്ക്കുമെന്ന് നഗ്നമായ സത്യമാണ്. മീൻകണ്ണും പ്രാക്കെഴുത്തും എന്ന സുപ്രധാനമായ മുഖത്തെഴുത്താണ് മുച്ചിലോട്ട് ഭഗവതിയെ സൗന്ദര്യാത്മകമാക്കുന്നത്.

മുച്ചിലോട്ട് ഭഗവതിയെ പോലെ അനേകം തെയ്യങ്ങൾ ഇനിയും ബാക്കി.ചരിത്രത്താളുകൾ പൊടിതട്ടാൻ തുടങ്ങിയാൽ ഇന്ന് കൊണ്ടൊ നാളെ കൊണ്ടൊ അവസാനിപ്പിക്കാൻ കഴിയില്ല എന്ന പരമമായ സത്യം ഇത് ഇവിടെ വച്ച് ചുരുക്കാൻ എന്നെയും നിങ്ങളെയും നിർബന്ധിതനാക്കുന്നു.

പത്താമുദയത്തിന് ചാത്താമ്പള്ളി വിഷകണ്ടൻ തെയ്യത്തിന്റെ പുറപ്പാടോടുകൂടി ആരംഭിക്കുന്ന തെയ്യക്കാലം കളരിവാതുക്കൽ ഭഗവതിയുടെ തിരുമുടി താഴുന്നതോടുകൂടി തിരശ്ശീല വീഴും.പത്താമുദയത്തിന് തേരേറി വിണ്ണിലിറങ്ങിയ ദൈവങ്ങൾ മനുഷ്യന്റെ സുഖദുഃഖങ്ങളിൽ പങ്കുചേർന്ന് കനകപ്പൊടി നൽകി

"ഉദിച്ചൊരുവെയിലും
പെയ്യൊരു മഞ്ഞും എന്നല്ലാതെകണ്ട്
മൂന്നാമതൊരവസ്ഥ വരുത്താതെകണ്ട്
കാത്ത് രക്ഷിക്കാം"

എന്ന് അരുളിച്ചെയ്ത് ഇടവപ്പാതിക്കുമുന്നെ മേൽ ലോകത്തേക്ക് യാത്രയാകുന്നു അടുത്ത പത്താമുദയവും കാത്ത്.

എത്ര കോരിച്ചൊരിഞ്ഞാലും ഇടമുറിയാതെ പെയ്താലും വടക്കേമലബാറിലെ ചെറുമനുഷ്യരും തെയ്യങ്ങളുമായുള്ള വൈകാരിക ബന്ധത്തിന്റെ ആഴത്തിലിറങ്ങിപ്പോയ വേരിനു പതം വരുത്താൻ ഒരു ഇടവപ്പാതിക്കും സാധിക്കില്ല എന്നതിനും തെളിവാണ് ഓരോ പത്താമുദയവും.

-ശ്രീദർശ്.പി.വി
IX A

# നല്ല പ്രവൃത്തി



ഒരിടത്ത് ഒരു കുഞ്ഞുവീട്ടിൽ ഒരു മുത്തശ്ശിയും അവരുടെ രണ്ട് പേരക്കുട്ടികളും ഉണ്ടായിരുന്നു. അമ്മയില്ലാത്ത തന്റെ പേരക്കുട്ടികളെ ഇതുവരെ ഒരു കുറവുംകൂടാതെയാണ് വളർത്തിയിരുന്നത്.അവരുടെ പേര് അപ്പു എന്നും അമ്മു എന്നുമായിരുന്നു.ഇവരുടെ രണ്ടുപേരുടെയും മാതാപിതാക്കൾ ഒരു വാഹനാപകടത്തിൽ മരിച്ചുപോയി.അതിൽപിന്നെ അവരുടെ മുത്തശ്ശിയാണ് അവരെ നോക്കുന്നത്.അപ്പുവിനും അമ്മുവിനും മറ്റുള്ളവരെ സഹായിക്കുന്നതാണ് ഇഷ്ടം. അങ്ങനെയൊരു ദിവസം ഒരു പട്ടിക്കുട്ടി നിലത്തു വീണ് പരിക്കുപറ്റിയിരിക്കിന്നു.അതുകണ്ടപ്പോൾ അപ്പുവിനും അമ്മുവിനും സഹതാപം തോന്നി."അപ്പൂ നമ്മൾക്ക് ഈ പട്ടിക്കുട്ടിയെ വീട്ടിൽ കൊണ്ടുപോകാം"."ശരി അമ്മൂ നമ്മൾക്ക് ഇതിനെ വീട്ടിൽ കൊണ്ടിപോകാം".അങ്ങനെ അവർ ആ പട്ടിക്കുട്ടിയെ വീട്ടിൽ കൊണ്ടുവന്ന് പാൽ കൊടുത്തു.പട്ടിയുടെ കാലിലേറ്റ പരിക്ക്മരുന്ന് വെച്ചു കെട്ടുകയും ചെയ്തു.അങ്ങനെ പട്ടിക്കുട്ടിക്ക് സുഖം പ്രാപിച്ചു.അവർ ആ പട്ടിക്കുട്ടിയെ വീട്ടിൽ വളർത്തി.

ആരാധ്യ വിനോദ്
Std VI-A

# <u>മിന്നുവിന്റെ വികൃതി</u>



വലിയ പുഴകളും കുന്നുകളുമൊക്കെയുള്ള മനോഹരമായ ഒരു കാടായിരുന്നു പുള്ളുവൻ കാട്. അവിടെ ആയിരുന്നു മഹാവികൃതിയായ മിന്നു എന്ന കുഞ്ഞി കരടിയും കുടുംബവും താമസിച്ചിരുന്നത്. അന്നും പതിവു പോലെ മിന്നു കാട്ടിലേക്ക് കളിക്കാൻ ഇറങ്ങി. അപ്പോൾ അമ്മക്കരടി മിന്നുവിനെ അടുത്തേക്ക് വിളിച്ച് സ്നേഹത്തോടെ പറഞ്ഞു. വലിയ കാടാണ് ദൂരെ ഒന്നും പോകരുത് . മിന്നു തലകുലുക്കി സമ്മതിച്ചു. മൂളിപ്പാട്ടുംപാടി കാട്ടിലേക്ക് ഇറങ്ങി നടന്നു. നടന്നു .ഒരു പുഴക്കരയിൽ എത്തി ഹായ് എന്തു രസം. അവൾ വെള്ളത്തിൽ ഇറങ്ങി കളിക്കാൻതുടങ്ങി.പെട്ടെന്ന് കാൽ വഴുതി വെള്ളത്തിലേക്ക് വീണു .അവൾ ഉറക്കെ അലറി വിളിച്ചു. പതിവു സമയം കഴിഞ്ഞ് മിന്നുവിനെ കാണാതെ അമ്മ തിരക്കി ഇറങ്ങി അപ്പോഴാണ് തന്റെ പൊന്നോമന വെള്ളത്തിൽ മുങ്ങി താഴുന്നത് കണ്ടത്. ഓടിച്ചെന്ന് വാരിയെടുത്ത് ഉമ്മവച്ചു.

മിന്നു സങ്കടത്തോടെ ഓർത്തു അമ്മ പറഞ്ഞത് കേട്ടിരുന്നെങ്കിൽ ഞാൻ അപകടത്തിൽ പെടില്ലായിരുന്നു.

മുത്തവർ പറഞ്ഞത് കേട്ടില്ലെങ്കിൽ ആപത്താണെന്ന് ഓർത്തോളൂ........

ആരാധ്യ.കെ.വി
Std.I